# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



Vol. LXXV No. 12 December 2025 മംഗളവാർത്തക്കാലം

Eparchy of Palai
2025-26



December 26
to
January 05

# Priestly Ordination & Holy Qurbana




**Dn Puthiyath Abraham**
St. Mathew's Church, Anthiyalam
Mob: 8078333638




**Dn Kanjirathumkal Alex (Gigin)**
St. John the Baptist Church, Ezhacherry
Mob: 6238863595




**Dn Plathottathil George (Geo)**
St Paul's Church, Vakakkadu
Mob: 9400284035




**Dn Thekkechooranolil George (Hentry)**
St. Mary's Church, Mevada
Mob: 9072843083




**Dn Karinattu Jacob (Abin)**
St. Xavier's Church, Mannarappara
Mob: 9400044812




**Dn Plathottathil Sebastian (Sebin)**
St. Joseph Church, Koodalloor
Mob: 7592048476




**Dn Pullickattil Abraham (Christo)**
St. Augustine's Forane Church, Pravithanam
Mob: 8281561788




**Dn Koottumkal Kuriakose (Justin )**
St.Mary's Church, Arakulam New
Mob: 8289836874




**Dn Erattamakil Paul (Ansel)**
St. Joseph's Church, Udayagiri
Mob: 9207308842




**Dn Puthenpurackal Thomas (Jojo)**
Little Flower Church, Ayyampara
Mob: 8589936238




**Dn Mukalel Mathew (Jomin)**
St. Mary's Church, Plassanal
Mob: 8281581025




**Dn Kannuthotty Kalluvelil Joseph (Jibin)**
Christ Raj Church, Jaigiri
Mob: 9495619881




**Dn Padinjarakutt Devasia (Tony)**
Christ Raj Church, Kayyoor
Mob: 6238391996




**Dn Mukkudikkattil Xavier (Jobin)**
St. Mary's Forane Church, Kaduthuruthy
Mob: 9846342478

LIVE STREAM

Media Commission Palai

21.11.2025







മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 39 -ാം ചരമവാർഷികത്തോട്
അനുബന്ധിച്ച് മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ
മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയും ഒപ്പീസും നടന്നു.
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വചനസന്ദേശം നൽകി.

21.11.2025








പാലാ രൂപതയുടെ പതിനാലാമത് പാസ്റ്ററൽ കൗൺസിലിന്റെയും
പ്രസ്ബിറ്ററൽ കൗൺസിലിന്റെയും ഉദ്ഘാടനം കത്തീഡ്രൽ പള്ളിയിൽ വച്ചു
മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് നിർവഹിച്ചു.

05.11.2025







ബൽത്തങ്ങാടിയിൽ വച്ചു നടന്ന മാർ ജെയിംസ് പട്ടേരിൽ CMF
പിതാവിന്റെ മെത്രാഭിഷേകശുശ്രൂഷയിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പങ്കെടുത്തു.

25.11.2025





മാർ ജെയിംസ് പട്ടേരിൽ CMF
പിതാവിനും സുവർണ-രജത
ജൂബിലികൾ
ആഘോഷിക്കുന്ന
പാലാ രൂപതാ
വൈദികർക്കും
അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് ബിഷപ്സ് ഹൗസിൽ
സ്വീകരണം നൽകി
ആശംസകൾ നേർന്നു .

26.11.2025









തകിടി സഹദേ കന്തീശേ ദയറാ പള്ളിയിൽ (സഹദേക്കുന്ന് ദയറ) വച്ച്
ഫാ. സെബാസ്റ്റ്യൻ അടപ്പശേരി, അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവിന്റെ കാർമികത്വത്തിൽ സെബസ്ത്യാനോസ്
ദസ്ലീവാ എന്ന പേരിൽ സന്യാസജീവിതത്തിലേക്കു പ്രവേശിച്ചു.
അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് സമീപം.

30.11.2025







ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ഈശോയുടെ
ജനനത്തിന്റെ 2025-ാം ജൂബിലിവർഷത്തിന്റെ ഭാഗമായി പ്രത്യാശയുടെ
കവാടം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും
അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും
വിശ്വാസികൾക്കായി തുറന്നുനൽകി.

**22.11.2025**







പട്ടം സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ വച്ചു നടന്ന
കുറിയാക്കോസ് മോർ ഒസ്താതിയോസ്, യൂഹാനോൻ മോർ അലക്സിയോസ്
എന്നിവരുടെ മെത്രാഭിഷേകശുശ്രൂഷയിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പങ്കെടുത്തു.

**24.11.2025**








ചേർപ്പുങ്കൽ മാർ സ്ളീവാ നഴ്സിങ് കോളേജിന്റെ 20-ാം
വാർഷികസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

18.11.2025

ഇന്റർ ചർച്ച്
കൗൺസിലിന്റെ
ആഭിമുഖ്യത്തിൽ POC
യിൽ വച്ചു നടന്ന നിഖ്യാ
സൂനഹദോസിന്റെ 1700-ാം
വാർഷികത്തിൽ
പങ്കെടുക്കുന്ന അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ്






21.11.2025







അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്, മാർത്തോമാശ്ലീഹായുടെ
ഭാരതപ്രവേശനത്തിരുനാളിനോടനുബന്ധിച്ച് മുട്ടുചിറയിൽ
വച്ചു നടന്ന നസ്രാണിസംഗമത്തിൽ പങ്കെടുക്കുന്നു.

8.11.2025

9.11.2025

## ഇടയനടുത്ത സന്ദർശനം - പെരിയപ്പുറം ഇടവക















22.11.2025

23.11.2025

# ഇടയനടുത്ത സന്ദർശനം - രത്നഗിരി ഇടവക















30.11.2025

## ഇടയനടുത്ത സന്ദർശനവും നവീകരിച്ച മദ്ബാഹായുടെയും പള്ളിയുടെയും ആശീർവാദകർമ്മവും – അരുണാപുരം ഇടവക









"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ


DECEMBER 2025
Vol. LXXV No. 12

# CONTENTS

ഇടയലേഖനം - 86 ........ 843

സർക്കുലർ ........ 849

സർക്കുലർ ........ 854

അറിയിപ്പ് ........ 861

Appointments And Transfers ........ 862

Xiv Pastoral Council 2025- 2029 ........ 864

അറിയിപ്പ് ........ 886

വാർത്തകൾ ........ 893

അഭിവന്ദ്യപിതാവിന്റെ ഡയറി ........ 933

ഇടയലേഖനം -86

# പാലാ രൂപത
# 43-ാമത് ബൈബിൾ കൺവെൻഷൻ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്:**
**നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

"കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്" (യോഹ 6.68).

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

ദൈവം നമ്മളോട് സംസാരിക്കാനാഗ്രഹിക്കുന്നു എന്ന സത്യം ഒരിക്കൽകൂടെ ഓർമിപ്പിച്ചുകൊണ്ട് നാല്പത്തിമൂന്നാമതു പാലാ രൂപത ബൈബിൾ കൺവെൻഷൻ ഡിസംബർ 19 മുതൽ 23 വരെ പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ വച്ചു നടത്തപ്പെടുകയാണ്. വചനം കേൾക്കുന്ന സഭയായി (Ecclesia Audiens ) നാം രൂപാന്തരപ്പെടാനുള്ള അവസരമാണിത്. ദൈവം മനുഷ്യനോടു സംസാരിക്കുന്നത് സ്നേഹത്തിന്റെ തീവ്രതയിൽനിന്നാണ്. ഈ സ്നേഹത്തിന്റെ വ്യാഖ്യാനമാണ് വിശുദ്ധഗ്രന്ഥം. അതുകൊണ്ടുതന്നെ വിശുദ്ധ ഗ്രന്ഥം ചരിത്രത്തിന്റെ ഒരു സ്മാരകമല്ല; മറിച്ച്, ജീവിക്കുന്ന ദൈവത്തിന്റെ വർത്തമാനകാലശബ്ദമാണ്. ദൈവവചനം നമ്മുടെ ഇന്നത്തെ ജീവിതത്തിൽ ഇടപെടുന്ന, നമ്മെ രൂപാന്തരപ്പെടുത്തുന്ന ജീവനുള്ള ശക്തിയാണ്. ഇതു വ്യക്തമാക്കികൊണ്ട് ഹെബ്രായലേഖനം 4:12 ൽ ഇങ്ങനെ പഠിപ്പിക്കുന്നു: ''ദൈവത്തിന്റെ വചനം സജീവവും

ഊർജസ്വലവുമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്.'' അതിനാൽ വചനം വായിക്കുകയും കേൾക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ അതു നമ്മുടെ ആന്തരികലോകത്തെ നവീകരിക്കുകയും നമ്മെ പാപത്തിൽനിന്നു തടയുകയും ചെയ്യുന്നു. ഈ കൺവെൻഷൻ സഭ നടത്തുന്ന ഒരു ആത്മീയയാത്രയാണ്. ഇത് ആത്യന്തികമായി വിശുദ്ധീകരണത്തിലേക്കും ദൈവവുമായുള്ള ഐക്യത്തിലേക്കുമുള്ള ക്ഷണവുമാണ്.

സ്വർഗോന്മുഖമായ മനുഷ്യജീവിതത്തിൽ ദൈവവചനത്തിന്റെ പ്രസക്തിയെക്കുറിച്ചു വിശുദ്ധ ബൊനവെഞ്ചർ പറയുന്നത് ഇപ്രകാരമാണ്: ''വിശുദ്ധ ഗ്രന്ഥം നമുക്ക് നിത്യാനന്ദത്തിന്റെ പൂർണത കാണിച്ചുതരുന്നു. നിത്യജീവനെക്കുറിച്ചുള്ള അരുളപ്പാടുകളിലൂടെ നിത്യജീവനിൽ വിശ്വസിക്കാൻ മാത്രമല്ല, അതു സ്വന്തമാക്കാനും അതിന്റെ വെളിച്ചത്തിൽ സകലതും കാണാനും പരസ്പരം സ്നേഹിക്കാനും ആഗ്രഹങ്ങളെ രൂപപ്പെടുത്താനും നമുക്കു സാധിക്കും.'' ദൈവവചനം കേൾക്കുന്നതിലൂടെയും ധ്യാനിക്കുന്നതിലൂടെയും സഭ അനുദിനം നവീകരിക്കപ്പെടുകയും ഉണർവുള്ളവളായി തുടരുകയും ചെയ്യുന്നു. ഈ ലോകത്തിൽ എങ്ങനെ ജീവിക്കണമെന്നും നാം ലക്ഷ്യം വയ്ക്കേണ്ടത് എന്താണെന്നും തിരുവചനം നമ്മെ ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു. സഭയുടെ വിശുദ്ധ കുർബാനയും കൂദാശകളും യാമനമസ്കാരങ്ങളും ബൈബിൾ കൺവെൻഷനുകളുമെല്ലാം തിരുവചനങ്ങൾകൊണ്ട് സഭ നടത്തുന്ന ഓർമ്മപ്പെടുത്തലുകളാണ്.

'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടുംസുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ 16:15) എന്ന മിശിഹായുടെ കല്പന സഭയുടെ അസ്തിത്വത്തിന്റെ ഭാഗമാണ്. മിശിഹായുടെ ഈ കല്പന ശിരസ്സാവഹിച്ചുകൊണ്ട് വചനത്തിന്റെ സന്ദേശം

എല്ലാ കാലഘട്ടങ്ങളിലും പ്രസക്തമായി നിലനിർത്താൻ സഭ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 'സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം' (1കോറി 9:16) എന്ന പൗലോസ് ശ്ലീഹായുടെ ബോധ്യം ഈ പരിശ്രമത്തിന്റെ പ്രതിഫലനമാണ്. അനുദിനം ലോകത്തിനു മുമ്പിൽ ദൈവവചനത്തിന്റെ വിശ്വാസ്യതയുള്ള ഉപാസകരായി മാറാനുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. ലെയോ പതിന്നാലാമൻ മാർപാപ്പ തന്റെ പ്രഥമദിവ്യബലിമധ്യേ നടത്തിയ സുവിശേഷപ്രഘോഷണത്തിൽ ഈ കാര്യം നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ഈശോ തന്റെ ആദ്യശിഷ്യന്മാരെ വിളിക്കുന്ന ഭാഗം വ്യാഖ്യാനിച്ചുകൊണ്ട് പാപ്പാ ഇപ്രകാരം പറഞ്ഞു: ''നമ്മുടെ നോട്ടം വിദൂരതയിൽ ഉറപ്പിച്ചുകൊണ്ട് ലോകത്തിലേക്ക് നമ്മുടെ വല വീശണം. ഈ ദൗത്യം തുടരുക, വീണ്ടും വീണ്ടും വല വീശുക. ലോകത്തിന്റെ ജലാശയത്തിലേക്ക് സുവിശേഷത്തിന്റെ പ്രത്യാശ കൊണ്ടുവരിക. എല്ലാവർക്കും ദൈവത്തിന്റെ ആശ്ലേഷം അനുഭവിക്കാൻ തക്കവിധം ജീവന്റെ ജലാശയത്തിലൂടെ സഞ്ചരിക്കുക.''

ദൈവവചനശ്രവണത്തിന്റെ കാലികപ്രസക്തി എമ്മാവൂസ് സംഭവം നമുക്കു വെളിപ്പെടുത്തിത്തരുന്നുണ്ട്. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർ ദൈവവചനത്തിന്റെ ശ്രവണാനന്തരം ജെറുസലേമിലേക്കു തിരിച്ചുനടന്നു. എമ്മാവൂസ്യാത്രയിൽ അവർ പങ്കുവച്ച നിരാശനിറഞ്ഞ അനുഭവങ്ങളെ വചനവ്യാഖ്യാനത്തിലൂടെ മിശിഹാ പ്രത്യാശയുടെ തീരത്തെത്തിച്ചു. ഈശോയുടെ വ്യാഖ്യാനങ്ങൾ അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിച്ചു. സഹനത്തിന്റെയും മരണത്തിന്റെയും അർത്ഥതലങ്ങൾ അവർ പൂർണമായും മനസ്സിലാക്കി. മ്ലാനവദനരായിരുന്നവർ സന്തോഷവാന്മാരായി. ജറുസലേമിലെ അപ്പസ്തോലിക കൂട്ടായ്മയിലേക്ക് അവർ തിരികെയെത്തി. ഈ ബൈബിൾ കൺവെൻഷൻ നമുക്കും ഒരു എമ്മാവൂസ്യാത്രയാണ്. അപ്പസ്തോലകൂട്ടായ്മയിൽ നിന്നുകൊണ്ട് മിശിഹായോടൊപ്പം നടക്കാനുള്ള അവസരമാണ്. നിരാശാജനകമായ ഒരുപാട് അനുഭ

വങ്ങൾ നമ്മുടെ ചുറ്റും പ്രബലപ്പെടുമ്പോൾ ജെറുസലേം വിട്ടുപോകാനുള്ള പ്രലോഭനം നമുക്കുമുണ്ടാകാം. രക്ഷകനായി കണ്ടിരുന്നവനെ സഹിക്കുന്നവനായി കണ്ടപ്പോൾ ശിഷ്യന്മാർ നിരാശരായി. നിരാശ അവരുടെ ഹൃദയങ്ങളെ വചനത്തിൽ നിന്നുമകറ്റി. ഈശോ പറഞ്ഞതെല്ലാം അവർ മറന്നുപോയി. എന്നാൽ കൂടെ നടന്ന് ഈശോ ഒരിക്കൽക്കൂടെ താൻ പറഞ്ഞ തെല്ലാം അവരെ ഓർമിപ്പിച്ചപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചു. ഈശോ കടന്നുപോയ സഹനത്തിന്റെ വഴികൾ രക്ഷാകരമായിരുന്നെന്ന് അപ്പോൾ അവർക്കു ബോധ്യമായി. ഈ ബൈബിൾകൺവെൻഷനും ഈ അനുഭവത്തിലേക്കാണ് നമ്മെ നയിക്കുന്നത്. നിരാശയിൽനിന്നും പ്രത്യാശയിലേക്കുള്ള മിശിഹായുടെ ക്ഷണമാണ് ഈ കൺവെൻഷൻ. നിസ്സഹായാവസ്ഥയിൽ അസ്വസ്ഥതപ്പെട്ട് ആശയക്കുഴപ്പം നിറഞ്ഞതും മുറിവേറ്റതുമായ സമകാലികലോകം ഒരു ഉയിർത്തെഴുന്നേല്പിനു ശ്രമിക്കുകയാണ്. പരിശുദ്ധ ബെനഡിക്ട് മാർപാപ്പാ 2008 സെപ്റ്റംബർ 13 ന് പാരീസിലെ നോത്തെർഡാം കത്തീഡ്രലിൽ വച്ചു നടത്തിയ പ്രസ്താവന ഇപ്രകാരമായിരുന്നു: ''മാനവരാശിയുടെ വീണ്ടെടുപ്പിന്റെ രഹസ്യം ഒളിഞ്ഞിരിക്കുന്ന തിരുവചനത്തിലാണ്.'' Verbum Domini എന്ന അപ്പസ്തോലികലേഖനത്തിൽ Lectio Divina എന്ന വായനാരീതി ശീലമാക്കാൻ ബെനഡിക്ട് പാപ്പാ നമ്മെ ഓർമിപ്പിക്കുന്നു. അതായത് വായിക്കുക, ധ്യാനിക്കുക, പ്രാർത്ഥിക്കുക, പ്രവർത്തിക്കുക. ഈ വായനാരീതി ദൈവവുമായുള്ള ആഴമായ ഒരു വ്യക്തിബന്ധം സ്ഥാപിക്കലാണ്. ഇതായിരിക്കണം വചനത്തോടുള്ള നമ്മുടെ സമീപനം. തിരുവചനം വായിക്കുകയും പഠിക്കുകയും ശ്രവിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾഈ ലോകത്തിലെ ദൈവികപദ്ധതികളെ തിരിച്ചറിഞ്ഞ് ആത്മീയജീവിതത്തിന്റെ കേടുപാടുകൾ മാറ്റാൻ നമുക്കാകും. ലോകത്തിനു നഷ്ടമായ ഉന്മേഷം തിരികെയെത്തിക്കാൻ ദൈവവചനത്തോടു ചേർത്തുപിടിച്ച് നമ്മുടെ ഈ ലോകത്തെ പുനഃക്രമീകരിക്കേണ്ടതുണ്ട്. ഈ അവസരത്തിലാണ് സെന്റ് തോമസ് കോളജ്

ഗ്രൗണ്ടിൽ ഈശോ നമ്മെ വീണ്ടും ഒരുമിച്ചുകൂട്ടുന്നത്, ഈശോയുടെകൂടെ നടക്കാനും ഒരുമിച്ചിരുന്ന് അപ്പം മുറിക്കാനും. ഈ ലോകത്തിലേക്കു തുറന്നുപിടിച്ച കരങ്ങളോടെ ഹൃദയത്തിന്റെ നിറവിൽനിന്നു നമുക്ക് സുവിശേഷംപ്രഘോഷിക്കാം. ലെയോപാപ്പാ പറയുന്ന പോലെ 'മനുഷ്യരാശിക്കുവേണ്ടി ഐക്യത്തിന്റെ പുളിമാവായിതീരാം.'

ഇത് വ്യക്തിപരമായ ഒരു ക്ഷണമാണ്. വചനം നമ്മെ മാറ്റിയെഴുതാൻ നാം അനുവദിക്കണം. വചനം നമ്മുടെ ജീവിതത്തിൽപ്രവേശിക്കുമ്പോൾ, നമ്മുടെ ലോകം പ്രകാശപൂരിതമാകുന്നു.

പ്രകാശമില്ലാത്ത ലോകത്ത്, സത്യം തിരിച്ചറിയാൻ പ്രയാസമുള്ള ഈ കാലഘട്ടത്തിൽ നമ്മുടെ പാതയ്ക്കു വെളിച്ചം നല്കാൻ വചനത്തിനു മാത്രമേ സാധിക്കൂ. നമ്മുടെ ആന്തരികലോകത്തു നേരിടുന്ന പ്രതിസന്ധികൾക്കു മറുപടി കണ്ടെത്താൻ ഈ കൺവെൻഷൻ നമ്മെ സഹായിക്കട്ടെ. 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത്' (മത്താ 4:4) എന്ന തിരുവചനം നമുക്ക് ഓർമിക്കാം. ഈ കൺവെൻഷൻനാളുകളിൽ ദൈവവചനമാകുന്ന അപ്പം ഭക്ഷിച്ചു നമുക്ക് ആത്മീയരായി ശക്തി പ്രാപിക്കാം. ലോകത്തിന്റെ ശബ്ദകോലാഹലങ്ങളിൽ മുഴുകിപ്പോയ നമ്മുടെ ചെവികളെ ദൈവസ്വരത്തിന്റെ ശാന്തതയിലേക്കു തിരികെയെത്തിക്കാനുള്ള സുവർണാവസരമാണ് നമ്മുടെ ഈ കൺവെൻഷൻ. ഈ ബൈബിൾ കൺവെൻഷൻ നമ്മുടെ രൂപതയ്ക്ക് ആത്മീയമായ ഉണർവു നൽകട്ടെ. വിശുദ്ധ ഗ്രന്ഥത്തെ ആഴത്തിൽ സ്നേഹിക്കാനും, അതു നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാക്കാനും അതിലൂടെ കർത്താവിനെ കൂടുതൽ അടുത്തറിയാനും നമുക്കു സാധിക്കണം.

ഈ കൺവെൻഷനു നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചനെയും അദ്ദേഹത്തിന്റെ ടീം

അംഗങ്ങളേയും പ്രാർത്ഥനയോടെ ഓർക്കുന്നു. ഈ കൺവെൻഷൻ വിജയകരമായിത്തീരാൻ എല്ലാവരും സഹകരിക്കുമല്ലോ. ബൈബിൾകൺവെൻഷന്റെ വിജയത്തിനായി തയ്യാറാക്കിയിരിക്കുന്ന പ്രാർത്ഥന നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും ചൊല്ലേണ്ടതാണ്. നമ്മുടെ രൂപതയുടെ എല്ലാഭാഗത്തുനിന്നുമുള്ള ആൾക്കാരെ ഈ കൺവെൻഷനിൽ പങ്കെടുപ്പിക്കാൻ എല്ലാ ബഹുമാനപ്പെട്ട വൈദികരും പരിശ്രമിക്കണം. അങ്ങനെ ഇതു നമ്മുടെ കൂട്ടായ്മയുടെ മഹത്തായ സാക്ഷ്യമായി മാറട്ടെ.

ഈശോയിൽ സ്നേഹപൂർവം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 30.11.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

NB: ഈ ഇടയലേഖനം 2025 നവംബർ 30-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബാനയർപ്പണമുള്ള കുരിശുപള്ളികളിലും സന്യാസ ഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കാൻ നല്കപ്പെട്ടത്.

Ref: 4154/K-5/KCBC/OL/DS 08.11. 2025

# ബൈബിൾപാരായണമാസവും ബൈബിൾഞായറാചരണവും

## സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ, 2025ലെ ജൂബിലിയുടെ നിറവിലാണ് ആഗോളസഭ. ഡിസംബർ മുഴുവനും ബൈബിൾ പാരായണമാസമായും ഡിസംബർ 21 ബൈബിൾഞായറായും ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാസഭ 2025 ലെ ജൂബിലിയുടെ സമാപനത്തിലേക്കു പ്രവേശിക്കുകയാണ്. ജൂബിലി വർഷത്തിന്റെയും ബൈബിൾഞായറിന്റെയും കേന്ദ്രവിഷയമായി നമ്മുടെ പരിചിന്തനത്തിന് യോഹന്നാന്റെ ഒന്നാം ലേഖനം രണ്ടാം അധ്യായം 5-ാം വാക്യം തിരഞ്ഞെടുത്തിരിക്കുന്നു: ''അവന്റെ വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണതപ്രാപിച്ചിരിക്കുന്നു. നാം അവനിൽ ആയിരിക്കുമെന്ന് ഇതിൽനിന്നു നാം അറിയുന്നു.''

2025ലെ ജൂബിലിയുടെ ഒരുക്കമായി ഫ്രാൻസിസ് പാപ്പാ നല്കിയ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല റോമ 5:5' എന്ന ആമുഖത്തിൽ പ്രത്യാശയെന്നത് ഈശോമിശിഹായാണെന്നും, അത് അവന്റെ വചനത്തിൽ അധിഷ്ഠിതമാണെന്നും ആ വചനത്തോടു ചേർന്നുനില്ക്കലാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്നും പ്രബോധിപ്പിക്കുന്നു. ഫ്രാൻസിസ് പാപ്പായുടെ അവസാനത്തെ ഔദ്യോഗികപ്രബോധനമായ 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit nos) എന്ന ചാക്രികലേഖനം ദൈവസ്നേഹാനുഭവത്തിൽ കേന്ദ്രീകൃതമാണ്. അതിന്റെ തുടർച്ചയെന്നോണം ലെയോ പതിനാലാമൻ പാപ്പായുടെ 'ഞാൻ നിന്നെ സ്നേഹിച്ചു' (Dilexi te) എന്ന ആദ്യത്തെ അപ്പസ്തോലികപ്രബോധനത്തിലൂടെ മനുഷ്യസ്നേഹം ഒരുവനിൽ ദൈവം വസിക്കുന്നതിന്റെ

അടിസ്ഥാനവും ക്രൈസ്തവധാർമിക ദൗത്യവുമാണെന്നു പ്രഖ്യാപിക്കുന്നു. മേൽസൂചിപ്പിച്ച മൂന്നു പ്രബോധനങ്ങളെയും കൂട്ടിയിണക്കുന്ന സുവർണ നൂലാണ് 1 യോഹ 2:5. വചനവും ദൈവസ്നേഹവും മനുഷ്യസ്നേഹവും (കൂട്ടായ്മ) ഈ വചനഭാഗത്തിന്റെ കേന്ദ്രവിഷയങ്ങളാണ്. യഥാർഥസമ്പത്ത് പണമോ അധികാരമോ ഭൗതികവസ്തുക്കളോ അല്ല; മറിച്ച്, ദൈവവുമായുള്ള ഐക്യമാണ്. ദൈവവചനമാണ് യഥാർഥ സമ്പത്ത് തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത്; അതു നമ്മെ നമ്മുടെ അയൽക്കാരിലേക്ക്, ഏറെ പ്രത്യേകിച്ച് പാർശ്വവത്ക്കരിക്കപ്പെട്ടവരിലേക്ക്, തിരിയാനുള്ള മാർഗദർശിയാണ്.

ദൈവവചനത്തോടു ചേർന്നുനില്ക്കുന്നവരിൽ ദൈവം ആയിരിക്കുന്നുവെന്നും ത്രിത്വത്തിന്റെ കൂട്ടായ്മയിൽ അവർ പങ്കുചേരുമെന്നും 1 യോഹന്നാൻ 2:5 ൽ ഊന്നിപ്പറയുന്നു: ''നാം അവനിൽ ആയിരിക്കും.'' 'എസ്മെൻ' എന്ന ഗ്രീക്കു പദത്തിനർഥം കൂടെയായിരിക്കുക, കൂടെ വസിക്കുക എന്നാണ്. കൂടെനടക്കുന്ന കൂട്ടായ്മയുടെ (synodality), അനുഭവമാണ് 'ഞാൻ നിന്നെ സ്നേഹിച്ചു' എന്ന തിരുവെഴുത്തിലൂടെ ലെയോ പാപ്പാ ലക്ഷ്യം വച്ചത്. തന്റെ ലേഖനത്തെയും തന്റെ മുൻഗാമിയുടെ ലേഖനത്തെയും ചേർത്ത് ലെയോ പാപ്പാ എഴുതുന്നു: ഫ്രാൻസിസ് പാപ്പാ 'അവൻ നമ്മെ സ്നേഹിച്ചു' (DN) എന്ന ചാക്രികലേഖനത്തിൽ പ്രതിപാദിച്ചത് ഈശോമിശിഹായുടെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവുമായ സ്നേഹത്തിന്റെ അക്ഷയരഹസ്യമാണ്. അതിൽ 'സമൂഹത്തിലെ ഏറ്റവും താഴ്ന്ന ശ്രേണിയിലുള്ളവരുമായി' ഈശോ എപ്രകാരം താദാത്മ്യപ്പെട്ടു എന്നും നാം കാണുകയുണ്ടായി; അതുപോലെ തന്നെ അവസാനംവരെ ചൊരിയപ്പെട്ട അവന്റെ സ്നേഹംവഴി എപ്രകാരം അവൻ ഓരോ മനുഷ്യവ്യക്തിയുടെയും മാഹാത്മ്യം, ഏറെ പ്രത്യേകിച്ച് അവർ ദുർബലരും പരിഹസിതരും സഹിക്കുന്നവരും ആയിരിക്കുമ്പോഴുള്ള മാഹാത്മ്യം, ഉറപ്പിക്കുന്നു എന്ന് നാം കാണുന്നു. മിശിഹായുടെ സ്നേഹം നാം

ധ്യാനവിഷയമാക്കുമ്പോൾ മറ്റുള്ളവരുടെ സഹനങ്ങളിലും ആവശ്യങ്ങളിലും അവരോടു കൂടുതൽ കരുതൽ ഉള്ളവരാകാനും തന്റെ വിമോചനത്തിന്റെ പ്രവൃത്തിയിൽ പങ്കുചേരുന്ന പ്രയത്നങ്ങൾ വഴിയായി തന്റെ സ്നേഹം പ്രചരിപ്പിക്കുന്ന ഉപകരണങ്ങളാകുവാനും നാം പ്രേരിതരാകുന്നു.''(J. 2)

എല്ലാവർക്കും എന്നും പ്രത്യാശ പകരുന്ന ഈശോമിശിഹായുടെ വചനത്തിലേക്ക് എല്ലാവരെയും അടുപ്പിക്കുന്നതിനുള്ള ശുശ്രൂഷകളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകൾക്കും നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. ദൈവവചനമാണ് ഈ കാലഘട്ടത്തിന്റെ ഉത്തരമെന്ന ആപ്തവാക്യം മനസ്സിൽ ഉരുവിട്ട് ഈ ജൂബിലിവർഷത്തിലെ ബൈബിൾപാരായണത്തിലേക്കും ബൈബിൾഞായറിലേക്കും നമുക്കു പ്രവേശിക്കാം. ദൈവം കൂടെ വസിക്കുന്നുവെന്ന ദൈവസ്നേഹാനുഭവത്തിലേക്കു ദൈവവചനപാരായണമാസത്തിലൂടെ നമുക്കു വളരാം. ഈ സ്നേഹാനുഭവം എല്ലാവരെയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും നമ്മെ നയിക്കട്ടെ.

**കേരളകത്തോലിക്കാസഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വചനനിറവിലേക്കു കേരളസഭയെ നയിക്കുന്നതിനായി ഈ ജൂബിലിവർഷത്തിൽ വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. പിഒസി ബൈബിൾ (RPOC) സമ്പൂർണമായി പരിഷ്കരിച്ച് ജൂബിലിയുടെ സമ്മാനമായി കേരളസഭാമക്കൾക്കായി സമർപ്പിക്കാനും, വിപുലമായി പ്രസിദ്ധീകരിക്കാനും കഴിഞ്ഞത് അഭിമാനാർഹമായ ചരിത്രനേട്ടമാണ്. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോകത്തിലെതന്നെ ഏറ്റവും വലിയ ക്വിസ്പ്രോഗ്രാമായ ലോഗോസ് ക്വിസിന്റെ

25-ാം വർഷത്തിലാണു നമ്മൾ. ബൈബിൾപഠനം എല്ലാവരിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവിബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾചേർത്ത് ലോഗോസ് ക്വിസ് വിപുലമാക്കിയിട്ടുണ്ട്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും, കാഴ്ചപരിമിതിയുള്ളവർക്കുവേണ്ടി സൈൻബൈബിളും ഇന്നു നമുക്കു ലഭ്യമാണ്. ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലനക്കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും വചനമെഴുത്തും ഒരു ആധ്യാത്മികചര്യയായി വളർത്താനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലേക്ക് ഇപ്പോൾ നാം മുന്നേറുകയാണ്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നു താത്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 21-ന് ബൈബിൾഞായർ ഇടവകകളിൽ ബൈബിൾപ്രതിഷ്ഠയോടും ബൈബിൾപ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ

ഞായറാഴ്ച വി. കുർബാനമധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു.

ദൈവവചന പ്രചാരണ-പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ തീർഥാടകരായി രൂപാന്തരപ്പെടുവാനും ദൈവവചനത്തിലേക്ക് എല്ലാവരെയും നയിക്കാനും നമുക്കു സാധിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും, ദൈവസ്നേഹാനുഭവത്തിലേക്കും എല്ലാവരെയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും നമ്മെ ക്ഷണിക്കുന്ന മനുഷ്യാവതാരത്തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**

(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**

(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾകമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

പി.ഒ.സി., കൊച്ചി - 682 025

---

NB: 2025 ഡിസംബർ 21-ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 0787/2025

### സർക്കുലർ

## മരിയഭക്തിക്കൊരു മാർഗരേഖ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധപിതാവു ലെയോ പതിന്നാലാമൻ മാർപാപ്പായുടെ അംഗീകാരത്തോടെ റോമിലെ വിശ്വാസതിരുസംഘം പ്രസിദ്ധീകരിച്ച 'വിശ്വാസികളുടെ സമൂഹത്തിന്റെ മാതാവ്' (Mater Populi fidelis) എന്ന പ്രബോധനംവഴി പരിശുദ്ധകന്യകാമറിയത്തെ സഹരക്ഷക (Co-redemptrix) എന്നു വിശേഷിപ്പിക്കുന്നതു ദൈവശാസ്ത്രപരമായി ഉചിതമല്ല എന്നും 'കൃപാവരത്തിന്റെ മാതാവ്' എന്നും 'മധ്യസ്ഥ' എന്നുമുള്ള വിശേഷണങ്ങൾ വിവേകപൂർവം ഉപയോഗിക്കണം എന്നും പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കത്തോലിക്കാസഭ മാതാവിനു നല്കിയിരുന്ന ബഹുമാനത്തിൽനിന്നു പിന്നോട്ടുപോവുകയാണെന്നും പ്രൊട്ടസ്റ്റൻറ് ആശയങ്ങൾ അംഗീകരിക്കുകയാണെന്നുമുള്ള തെറ്റിദ്ധരിപ്പിക്കുന്ന ചർച്ചകളും വ്യാഖ്യാനങ്ങളും സാമൂഹികമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നതു നിങ്ങൾ ശ്രദ്ധിച്ചുകാണും

എന്നാൽ, പരിശുദ്ധകന്യകാമറിയത്തെക്കുറിച്ചുള്ള തിരുസ്സഭയുടെ അടിസ്ഥാനപ്രബോധനങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല എന്നു വ്യക്തമായി നാം മനസ്സിലാക്കേണ്ടതുണ്ട്. പരിശുദ്ധ അമ്മയെക്കുറിച്ചു നാലു വിശ്വാസസത്യങ്ങളാണ്

തിരുസ്സഭ ആധികാരികമായി പഠിപ്പിക്കുന്നത്. പരിശുദ്ധകന്യകാമറിയം ദൈവമാതാവും നിത്യകന്യകയും അമലോത്ഭവയും സ്വർഗാരോപിതയുമാണ് എന്നതാണ് ആ വിശ്വാസസത്യങ്ങൾ. ഈ നാലു സത്യങ്ങളും മാറ്റമില്ലാതെ തിരുസഭ ഇന്നും പ്രഘോഷിക്കുന്നു. അതേസമയം, പരിശുദ്ധ കന്യകാമറിയത്തെ വിശേഷിപ്പിക്കാനുപയോഗിക്കുന്ന ചില പദങ്ങളിൽ കടന്നുകൂടിയിട്ടുള്ള ദൈവശാസ്ത്രപരമായ വ്യതിയാനങ്ങളെ തിരുത്താനാണ് പുതിയ പ്രബോധനരേഖ ലക്ഷ്യംവയ്ക്കുന്നത്. മനുഷ്യാവതാരംചെയ്ത ദൈവപുത്രനു ജന്മംകൊടുക്കുകവഴി ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം നമ്മുടെയും അമ്മയാണ്. മറിയത്തിന്റെ ആത്മീയമാതൃത്വത്തോടു ചേർന്നുനില്ക്കാനുള്ള ആഹ്വാനമാണ് ഈ പ്രബോധനരേഖയുടെ ഹൃദയം.

അതോടൊപ്പംതന്നെ, തെറ്റുധാരണയ്ക്ക് ഇടയാക്കാവുന്ന ചില വിശേഷണങ്ങളെ വിവേക പൂർവം ഒഴിവാക്കാനും ഈ പ്രബോധനരേഖ ആവശ്യപ്പെടുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 'സഹരക്ഷക' (co-redemptrix) എന്ന വിശേഷണം ഒഴിവാക്കാനുള്ള നിർദേശമാണ്.

ഇതിനെ പുതിയൊരു നിർദേശമായി വ്യാഖ്യാനിക്കുന്നതു ശരിയല്ല. തിരുസ്സഭ ഒരിക്കലും പരിശുദ്ധകന്യകാമറിയം സഹരക്ഷകയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടില്ല. മറിയത്തോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കാൻ ചില മരിയഭക്തർ പരിശുദ്ധ അമ്മയെ സഹരക്ഷക എന്നു വിശേഷിപ്പിച്ചിരുന്നു എന്നതു വസ്തുതയാണ്. എന്നാൽ, ഈ വിശേഷണം ദൈവശാസ്ത്രപരമായി ചില തെറ്റുധാരണകൾക്കു കാരണമാകും എന്നതു ചൂണ്ടിക്കാണിക്കുകയാണ് പുതിയ പ്രബോധനരേഖ ചെയ്യുന്നത്. 'മറിയം സഹരക്ഷകയാണ്' എന്നു പറയുമ്പോൾ മിശിഹായുടെ രക്ഷാകർമം അതിൽത്തന്നെ അപൂർണമാണെന്നും മറിയത്തിന്റെ സഹായംകൂടാതെ അതു സാധ്യമാവുകയില്ലായിരുന്നു എന്നും

തെറ്റിദ്ധരിക്കാനുള്ള സാധ്യതയുണ്ട്. അല്ലെങ്കിൽ ഈശോയും മറിയവും ചേർന്നാണു മനുഷ്യരക്ഷ സാധ്യമാക്കിയത് എന്നു ചിന്തിക്കാനും ഇടയായേക്കാം. മനുഷ്യകുലത്തിന്റെ രക്ഷയിൽ ഈശോ വഹിച്ച അതുല്യമായ സ്ഥാനത്തിന്റെ മഹത്ത്വത്തിനു ഭംഗംവരുത്താൻ ഇത്തരം തെറ്റുധാരണകൾ ഇടവരുത്തിയേക്കാ മെന്നുള്ളതുകൊണ്ടാണ് ഈ പരാമർശം ഒഴിവാക്കണമെന്നു പ്രബോധനരേഖ നിർദേശിക്കുന്നത്. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ മറിയം വഹിച്ച നിർണായകമായ പങ്കിനെ പുതിയ പ്രബോധനരേഖ യാതൊരുവിധത്തിലും നിഷേധിക്കുന്നില്ല. മറിയം ദൈവഹിതത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കുകയും ഈശോയുടെ അമ്മയാകാൻ സഹനപൂർവം സന്നദ്ധയാവുക യും ചെയ്തു. മറിയം 'ദൈവികപദ്ധതിയോടു സഹകരിച്ചു' എന്നതും 'സഹരക്ഷകയാണ്' എന്നതും തമ്മിൽ വ്യത്യാസ മുണ്ട്. വിശ്വാസംകൊണ്ടും അനുസരണംകൊണ്ടും സ്വാതന്ത്ര്യ ത്തോടെ ദൈവത്തിന്റെ രക്ഷാകർമത്തിൽ സഹകാരിണിയായി എന്നതാണു പരിശുദ്ധ അമ്മയുടെ മഹത്ത്വം.

അതുപോലെതന്നെ, മറിയത്തെ 'കൃപാവരത്തിന്റെ അമ്മ' എന്നു വിശേഷിപ്പിക്കുമ്പോൾ എല്ലാ കൃപകളും മറിയത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത് എന്നൊരു ധ്വനി അതിനുണ്ടാകാം എന്ന വസ്തുതയും പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. 'സകല കൃപകളുടെയും മധ്യസ്ഥ' എന്ന പ്രയോഗവും പരി മിതികളുള്ളതാണ്. സകല കൃപകളുടെയും ഉറവിടം ദൈവം മാത്രമാണ്. ഏകജാതനായ മിശിഹാ എല്ലാ കൃപകളും വർഷി ക്കുന്നത് അവിടുന്നു സ്ഥാപിച്ച തിരുസ്സഭയിലെ പരിശുദ്ധകൂദാ ശകളിലൂടെയാണ്. ഈ വിശ്വാസരഹസ്യത്തിന്റെ സമഗ്രതയെ പരിരക്ഷിക്കാൻ 'കൃപാവരത്തിന്റെ അമ്മ' എന്ന പ്രയോഗം ഒഴിവാക്കുന്നതാണ് അഭിലഷണീയമെന്നു പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നു.

വലിയ വിവേകവും ശ്രദ്ധയും ആവശ്യമുള്ള ഒരു പ്രയോ ഗമാണ് 'മധ്യസ്ഥയായ മാതാവ്' എന്നത്. പരിശുദ്ധ മറിയം

നമുക്കായി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കുന്നു എന്നതിൽ സംശയമില്ല. നമുക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കാൻ മാതാവിനു കഴിയും എന്നു പറയുന്നതും ''അവൾ മധ്യസ്ഥയാണ്' എന്നു വിശേഷിപ്പിക്കുന്നതും തമ്മിലുള്ള ദൈവശാസ്ത്രപരമായ വ്യത്യാസത്തെയാണ് പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നത്. ദൈവത്തിനും മനുഷ്യനും ഇടയിൽ ഏകമധ്യസ്ഥനായി ഈശോമിശിഹാ മാത്രമാണുള്ളത്. മിശിഹായുടെ ഏകമാധ്യസ്ഥ്യത്തിനു സമാനമായി മാതാവിന്റെ മാധ്യസ്ഥ്യാപേക്ഷയെ അവതരിപ്പിക്കരുത് എന്നതാണ് തിരുസഭയുടെ ബോധ്യം. ഈശോമിശിഹാ 'ഏകമധ്യസ്ഥൻ' ആയിരിക്കുന്നത് അവിടുന്ന് ഒരേസമയം പൂർണദൈവവും പൂർണമനുഷ്യനുമാണ് എന്നതുകൊണ്ടാണ്. ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥത പുലർത്തുന്ന മറ്റാരുമില്ല എന്നതാണ് 'മിശിഹാ ഏകമധ്യസ്ഥൻ' എന്നതിന്റെ അർഥം. ഈ വ്യത്യാസത്തെ വ്യക്തമായി അവതരിപ്പിക്കാതെ, 'മധ്യസ്ഥ' എന്നു മറിയത്തെ വിളിക്കുന്നതു തെറ്റുധാരണകൾക്ക് ഇടവരുത്തും. ചുരുക്കത്തിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഈശോമിശിഹായുടെ അതുല്യമായ അനന്യശ്രേഷ്ഠതയെ (uniqueness) ഊന്നിപ്പറയുകയാണ് ഈ പ്രബോധനരേഖയുടെ ലക്ഷ്യം. പരിശുദ്ധമറിയത്തോടുള്ള തിരുസഭയുടെ പരമ്പരാഗതഭക്തിയെ പരിപോഷിപ്പിക്കുന്നതും ശരിയായ ദിശാബോധം നല്കുന്നതുമാണു പുതിയ പ്രബോധനരേഖ.

പരിശുദ്ധകന്യകാമറിയം തിരുസ്സഭയിൽ ഉന്നതമായ വണക്കത്തിനു (hyperdulia) യോഗ്യയാണ്. കുരിശിന്റെ ചുവടുവരെ ഈശോയെ അനുഗമിക്കാൻതക്ക വിശ്വാസബോധ്യവും ആത്മധൈര്യവും മറിയത്തിനുണ്ടായിരുന്നു. തന്റെ മരണത്തിനുമുമ്പു കുരിശിൽവച്ച് ഈശോ വിശ്വാസികൾക്കെല്ലാം അമ്മയായി പരിശുദ്ധമറിയത്തെ നല്കിയതാണ് (യോഹ. 19:27). തിരുസ്സഭയുടെ മാതാവും പ്രതീകവുമാകയാൽ പരിശുദ്ധമറിയത്തിന്റെ ജീവിതം സഭയ്ക്കു മാതൃകയും പ്രചോദനവുമാണ്.

ആത്മശരീരങ്ങളോടെ പരിശുദ്ധകന്യകാമറിയം സ്വർഗത്തിലേക്കു സ്വീകരിക്കപ്പെട്ടെങ്കിൽ മറിയത്തെ അനുകരിക്കുന്ന സഭ മുഴുവനും അതേ സ്വർഗപ്രവേശനത്തിന് അർഹമാണ്.

പരിശുദ്ധ അമ്മയോടുള്ള ഭക്തി പ്രകടമാക്കുന്ന ജപമാലയും നൊവേനകളും ഉത്തരീയഭക്തിയും കത്തോലിക്കാസഭയിൽ യാതൊരു മാറ്റവുമില്ലാതെ തുടരുന്നതാണ്. രക്ഷാകരപദ്ധതിയിൽ ഈശോയും മറിയവും വഹിച്ച പങ്കിനെ നിയതമായി നിർവചിക്കുന്ന ഈ പ്രബോധനരേഖയെ ദുർവ്യാഖ്യാനം ചെയ്യുന്നവരുടെ നിക്ഷിപ്തതാത്പര്യങ്ങൾക്കും തെറ്റായ പഠനങ്ങൾക്കുമെതിരേ നമ്മൾ അതീവജാഗ്രത പാലിക്കണമെന്നും ഓർമിപ്പിക്കട്ടെ.

പരിശുദ്ധ അമ്മയുടെ പ്രാർഥനവഴിയായി നിങ്ങളെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാമാണ്ട് നവംബർ മാസം 8-ാം തീയതി നല്കപ്പെട്ടത്.

**റാഫേൽ തട്ടിൽ**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

NB: ഈ സർക്കുലർ 2025 നവംബർ 9-ാം തീയതി ഞായറാഴ്ചയോ അതിനടുത്ത ഞായറാഴ്ചയോ സീറോമലബാർ സഭയിലെ എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കാൻ നല്കപ്പെട്ടത്.

# ആരാധനവർഷാരംഭം

ബഹു.വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

2025 നവംബർ 30-ാം തീയതി ഞായറാഴ്ച പുതിയ ആരാധനവർഷത്തിലേക്കു സീറോ മലബാർ സഭ പ്രവേശിക്കുകയാണല്ലോ. ആരാധനവർഷത്തിലെ കാലങ്ങളിലൂടെ മിശിഹായുടെ രക്ഷണീയകർമ്മങ്ങളെ അനുസ്മരിക്കുവാനും ആഘോഷിക്കുവാനും നമുക്കു സാധിക്കട്ടെ. നമ്മുടെ രൂപതയിലെ ദൈവാരാധനയുമായി ബന്ധപ്പെട്ട ഏതാനും ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

1. 2025 നവംബർ 29, ശനിയാഴ്ച വൈകുന്നേരത്തെ റംശാ പ്രാർത്ഥനയോടെയാണ് പുതിയ ആരാധനവർഷം ആരംഭിക്കുന്നത്.

2. ഈശോയുടെ പിറവിത്തിരുനാളിനൊരുക്കമായ നോമ്പ് ഡിസംബർ ഒന്നാം തീയതി തിങ്കളാഴ്ചയാണ് ആരംഭിക്കേണ്ടത്.

3. മംഗളവാർത്തക്കാലത്തിന്റെ ആദ്യദിനംമുതൽ ഓശാനഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രണ്ടാമത്തെ കൂദാശക്രമത്തിലാണ് (മാർ തെയോദോറിന്റെ ക്രമം) പരിശുദ്ധ കുർബാന അർപ്പിക്കേണ്ടത്.

4. ആരാധനവർഷത്തിലെ അഞ്ചു ദിവസങ്ങളിൽ മൂന്നാമത്തെ കൂദാശക്രമത്തിൽ (മാർ നെസ്തോറിയസിന്റെ ക്രമം)പരിശുദ്ധ കുർബാന അർപ്പിക്കണം. ദനഹാത്തിരുനാൾ, മൂന്നുനോമ്പിന്റെ ബുധനാഴ്ച, മാർ യോഹന്നാൻ മാംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ വെള്ളി, പെസഹാവ്യാഴം എന്നിവയാണ് ആ ദിനങ്ങൾ.

5. നവംബർ 30 ന് ആരംഭിക്കുന്ന ആരാധനവർഷത്തിൽ രണ്ടാംഗണം വായനകളാണ് വിശുദ്ധ കുർബാനയിൽ ഉപയോഗിക്കേണ്ടത്. രണ്ടാം ഗണം വായനകൾ ഉൾക്കൊള്ളുന്ന

പ്രഘോഷണഗ്രന്ഥങ്ങൾ (സുവിശേഷം & ലേഖനം) നമ്മുടെ സഭാകേന്ദ്രത്തിൽനിന്നും 2023 നവംബറിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത വായനപുസ്തകങ്ങൾ പാലാ സെന്റ് തോമസ് പ്രസ്സിൽ ലഭ്യമാണ്.

മിശിഹായിൽ സ്നേഹപൂർവം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 28.11.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

# മനസ്സമ്മതത്തിനു മുമ്പ് വിവാഹം വിളിച്ചുചൊല്ലുന്നതിനുള്ള അനുവാദം

2025 ഓഗസ്റ്റ്മാസത്തിൽ ചേർന്ന സീറോ മലബാർ മെത്രാൻ സിനഡ് തീരുമാനപ്രകാരം മനസ്സമ്മതത്തിനു മുമ്പ് വിവാഹം വിളിച്ചുചൊല്ലുന്നതിനുള്ള അനുവാദം ഇടവകവികാരിമാർക്കു തന്നെ നൽകാവുന്നതാണ്. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ:

(1) പ്രതിശ്രുതവധൂവരന്മാർ ഇരുവരുടെയും അവരുടെ മാതാപിതാക്കളുടെയും ഇടവകവികാരിമാരുടെയും ഒപ്പ് നിർദ്ദിഷ്ട ഫോമിൽ രേഖപ്പെടുത്തിയശേഷമാണ് വിളിച്ചുചൊല്ലൽ ആരംഭിക്കേണ്ടത്.

(2) ഈ രേഖ വരന്റെയും വധുവിന്റെയും ഇടവകരേഖാലയങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

(3) നിർദ്ദിഷ്ടഫോമിന്റെ രണ്ടു കോപ്പികൾ യഥാവിധി പൂരിപ്പിച്ചശേഷം പ്രതിശ്രുതവധൂവരന്മാരിൽ ഒരാൾ അയാളുടെയും മാതാപിതാക്കളുടെയും വികാരിയച്ചന്റെയും ഒപ്പ് രേഖപ്പെടുത്തി മറ്റേയാളിനെ ഏല്പിക്കുക. അയാൾ അവയിൽ സ്വന്തം ഒപ്പും മാതാപിതാക്കളുടെ ഒപ്പും രേഖപ്പെടുത്തി ഇടവകവികാരിയച്ചനു സമർപ്പിക്കേണ്ടതാണ്. ഇടവകവികാരി അദ്ദേഹത്തിന്റെ ഒപ്പ് രേഖപ്പെടുത്തിയശേഷം ഒരു കോപ്പി ആദ്യ ഇടവകയിലേക്കു കൊടുത്തുവിടേണ്ടതാണ്. ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷമാണ് വിളിച്ചുചൊല്ലൽ ആരംഭിക്കേണ്ടത്.

(4) വികാരിമാരുടെ ഒപ്പിനോടൊപ്പം ഇടവകയുടെ സീലും ഉണ്ടായിരിക്കേണ്ടതാണ്.

(5) നിർദ്ദിഷ്ടഫോമിൽ പ്രതിശ്രുതവരന് / വധുവിന് ഒപ്പിടാൻ സാധിക്കാത്തപക്ഷം ആ വ്യക്തിയുടെ സമ്മതപത്രം സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പിട്ട് രണ്ടു കോപ്പികൾ ഫോമിന് ഒപ്പം സമർപ്പിക്കേണ്ടതാണ്.

(6) നിർദ്ദിഷ്ടഫോം പാലാ സെന്റ് തോമസ് പ്രസ്സിൽ ലഭ്യമാണ്.

+Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 28.11.2025

# APPOINTMENTS AND TRANSFERS

| | |
|---|---|
| Fr Kurian Mukkamkuzhiyil | Relieved, Secretary to the Bishop of Palai |
| Fr Augustine Kandathilkudilil | Secretary to the Bishop of Palai |

**DIFFERENT EPARCHIAL BODIES ARE RE-CONSTITUTED WITH THE FOLLOWING MEMBERS FOR A PERIOD OF FIVE YEARS WITH EFFECT FROM 21 NOVEMBER 2025.**

***Eparchial Consultors***

Fr Joseph Thadathil Jr.
Fr Joseph Maleparampil
Fr Sebastian Vethanath
Fr Joseph Kaniyodickal
Fr Joseph Muthanattu
Fr Joseph Kuttiankal
Fr Thomas Menachery
Fr Jose Kakkallil
Fr Augustine Palackaparampil
Fr Augustine Peedikamalayil
Fr Thomas Punnathanathu

***Finance Council***

Fr Joseph Thadathil Jr.
Fr Joseph Maleparampil
Fr Sebastian Vethanath
Fr Joseph Kaniyodickal
Fr Joseph Muthanattu
Fr Kurian Mukkamkuzhiyil
Fr Joseph Kuttiankal
Fr Jose Nellickatheruvil
Fr Thomas Panackakuzhy
Fr Mathew Alappattumedayil
Mr Jose Thomas Muthanattu
Mr Nidhish Nidhiri
Mr Saju Alex Thengumpallil
Mr Rajeev Kochuparampil
Mr Josekutty Elavanathodukayil
Mrs Sigi Lukeson Padannamakkal

***Administrative Tribunal***

Fr Andrews Mekkattukunnel (Moderator)
Fr George Pazheparampil
Fr Mathew Pullukalayil
Fr Cheriyan (Biju) Kunnackattu
Fr Joseph Karikulam
Sr Lisbin Puthenpura FCC
Mrs Laisamma George Pulincadu
Dr Ison Vanchipurackal
Dr Josy Vallippalam

***Scrutiny Committee***

Fr Mathew Thekkel (Moderator)
Fr Joseph Muthanattu (Convener)
Fr Mathew Kuttianickal
Fr Mukkamkuzhiyil Kurian
Fr Kalachira Thomas
Fr Narithookkil Joseph
Fr Pazheparampil Sebastian
Fr Muthuplackal Mathew
Mr Regi Mekkadan
Mr Sunny Panjikunnel
Mrs Sherly Cherian Madathiparampil

***Education Council***

Fr Thadathil Joseph Jr.
Fr Maleparampil Joseph
Fr Vethanath Sebastian
Fr Pullukalayil George

Sr Lizbeth Kollikolavil SABS
Mr Robin Sebastian
Mr Avirah Joseph
Mr Bijoy Joseph
Sr. Jees Maria Valikulam FCC

***Commission for Doctrine***
Fr Joseph Maleparampil
Fr Thomas Menachery
Fr Andrews Mekkattukunnel
Fr Sebastian Kuttianickal
Fr Mathew Alappattumedayil
Fr Thomas Vadakkel
Fr Kuriakose Kappiliparampil

***Examiners***
Fr Thomas Kakkattuthadathil
Fr Andrews Mekkattukunnel
Fr Dominic Vechoor
Fr Joseph Arimattam

***Censors of Books***
Fr Thomas Menacherry
Fr Thomas Vadakkel
Fr Joseph Karikulam
Fr Joseph Kuttiankal

***Public Relations Department***
Fr Joseph Thadathil Jr. ( PRO)
Fr Joseph Kuttiankal
Fr James Panachikkal Karottu (Secretary)
Adv Sam Sunny Odackal

# Eparchy of Palai

## XIV PASTORAL COUNCIL 2025-2029

(With effect from 14 November 2025)

## ELECTED MEMBERS FROM FORANES

### Pala Cathedral

| | Name & Family Name | Parish | Category |
|---|---|---|---|
| 1. | Mr Tobin K. Alex Kandanattu | Nelliyani | General |
| 2. | Mr Ignatius Korah Anithottam | Lalam New | General |
| 3. | Mr K. George Varghese Kunthara | Kizhathadiyoor | General |
| 4. | Mrs Biji Augustine Thekkel | Cathedral | DCMS |
| 5. | Mrs Leena Sunny Purayidom | Lalam New | Lady Rep |
| 6. | Mr Albin Johney Anithottathil | Lalam Old | Below -40 |

### Aruvithura

| | | | |
|---|---|---|---|
| 7. | Mr Johnson Joseph Cheruvallil | Aruvithura | General |
| 8. | Mr Saju George Vettickal | Thidanad | General |
| 9. | Mr Johny Cyriac Velamkunnel | Moonnilavu | General |
| 10. | Mr Joy Mathew Kunnathuparambil | Aruvithura | DCMS |
| 11. | Mrs Swapana Geroge Vadakara | Chemmalamattom | Lady Rep |
| 12. | Mr Dany Thomas Parayil | Varianikkad | Below -40 |

### Bharananganam

| | | | |
|---|---|---|---|
| 13. | Mr Sunny Vettathu | Kizhaparayar | General |
| 14. | Mr Emmanuel Sebastian Koottiyaniyil | Amparanirappel | General |
| 15. | Mr Maju Mathew Plathottathil | Bharananganam | General |
| 16. | Mr Binu Joseph Vettuvayalil | Amparanirappel | DCMS |
| 17. | Mrs Beena Tomy Thuruthikkara | Choondacherry | Lady Rep |
| 18. | Mr Joyal George Poovatholil | Bharananganam | Below -40 |

**Cherpunkal**

| | | | |
|---|---|---|---|
| 19. | Mr Thomas Joseph Kaduppil | Paduva | General |
| 20. | Mr K.S. Mathai (Joy) Kunnapallil | Mutholy | General |
| 21. | Mr Baby Joseph Kochuparampil | Cherpunkal | General |
| 22. | Mrs Saly K.J. Kurikkattil | Cherpunkal | DCMS |
| 23. | Mrs Kusumam George Manackalayyattu | Cherpunkal | Lady Rep |
| 24. | Mr Justin Joseph Varaparambil | Cherpunkal | Below -40 |

**Elanji**

| | | | |
|---|---|---|---|
| 25. | Mr Shaji Peter Erniyakulathil | Elanji | General |
| 26. | Mr Benny Joseph Kozhuppankutty | Marangoli | General |
| 27. | Mr Roy Chummar Narippparayil | Josegiri | General |
| 28. | Mr Babu Peter Pandimakil | Xavierpuram | DCMS |
| 29. | Mrs Preethi Anil Kallanickal | Mutholapuram | Lady Rep |
| 30. | Mr Nikhil Francis Pulikkiyil | Elanji | Below -40 |

**Kadanad**

| | | | |
|---|---|---|---|
| 31. | Mr Jojo Joseph Padinjarayil | Kavumkandam | General |
| 32. | Mr Sebastian C.A. Chavaniyankal | Pizhaku | General |
| 33. | Mr Thomas Mathew (Johney) Puthettu | Manathoor | General |
| 34. | Mr Madhu Sebastian Nirappel | Kadanad | DCMS |
| 35. | Mrs Jaisy Sunny Panathanathu | Geovalley | Lady Rep |
| 36. | Mr Jithin P. Mathew Pulickal | Aimcomb | Below -40 |

**Kadaplamattom**

| | | | |
|---|---|---|---|
| 37. | Mr Manoj Augustine Cherian Kadiyamkuttiyil | Kadaplamattom | General |
| 38. | Mr Sebastian Thomas Muthukattil | Koodalloor | General |
| 39. | Mr Tomson V Jose Vadakkemangalathu | Marangattupally | General |
| 40. | Mr Biju Mathew Maruthumattathil | Koodalloor | DCMS |

| | | | |
|---|---|---|---|
| 41. | Mrs Teena Abraham Malieckal | Koodalloor | Lady Rep |
| 42. | Mr Akhil Jose Pachapaliyil | Kadaplamattom | Below -40 |

**Kaduthuruthy**

| | | | |
|---|---|---|---|
| 43. | Mr Jose James Nilappanakolliyil | Kaduthuruthy | General |
| 44. | Mr Jose Puthenkala | Mannar | General |
| 45. | Mr Rajesh James Kottayil | Thuruthippally | General |
| 46. | Mr Joseph Chennankala | Poozhikol | DCMS |
| 47. | Mrs Reji Shaji Naduviledath | Keezhoor | Lady Rep |
| 48. | Mr Justin James Mecheril | Keezhoor | Below -40 |

**Koothattukulam**

| | | | |
|---|---|---|---|
| 49. | Mr Baby Devasia Alumkal | Koothattukulam | General |
| 50. | Mr Baby John Keeramthadathil | Vadakara | General |
| 51. | Mr Jobymon Jose Pullambraputhenpurayil | Udayagiri | General |
| 52. | Mr Paulose C.D Charalakkad | Periappuram | DCMS |
| 53. | Mrs Lucy Joseph Thazhathemullamkuzhiyil | Kakkoor | Lady Rep |
| 54. | Mr Robin T Jose Thannimalayil* | Poovakkulam | Below -40 |

**Koottickal**

| | | | |
|---|---|---|---|
| 55. | Mr Bijoy Jose Mundupalathinkal | Kavaly | General |
| 56. | Mr Roy Chacko Nadooparambil | Parathanam | General |
| 57. | Mr Sabu Cyriac Poondikulam | Malayinchipara | General |
| 58. | Mr Mini Sabu Nedumalayil | Malayinchipara | DCMS |
| 59. | Mrs Rosamma George Thuruthipallil | Parathanam | Lady Rep |
| 60. | Mr Rijo George Ambattu | Cholathadam | Below -40 |

**Kothanalloor**

| | | | |
|---|---|---|---|
| 61. | Mr Tomy Kanneettumyalil | Kothanalloor | General |
| 62. | Mr Sunu George Vettikattuparambil | Mannarapara | General |
| 63. | Mr C.M. George Vadakkekalayil | Manvettom | General |
| 64. | Mr Saji K. Kariaviparambil | Mannarapara | DCMS |

| | | | |
|---|---|---|---|
| 65. | Mrs Lizy Georgekutty Nellithanathukalayil | Nambiakulam | Lady Rep |
| 66. | Mr Febin Puthenpurackal | Kalathoor | Below -40 |

**Kozhuvanal**

| | | | |
|---|---|---|---|
| 67. | Mr George Varghese Puttathankal | Karimpany | General |
| 68. | Mr Sajimon Joseph Nagamattathil | Kanjiramattom | General |
| 69. | Mr Benny Jacob Vadakkedathu | Mattakkara | General |
| 70. | Mr Thomas K.J. Parakkallil | Moozhoor | DCMS |
| 71. | Mrs Raniamma George Nedumthakidy | Kanjiramattom | Lady Rep |
| 72. | Mr Nibin Baby Palamattathil | Mattakkara | Below -40 |

**Kuravilangad**

| | | | |
|---|---|---|---|
| 73. | Mr Robby Sebastian Menacheril | Retnagiri | General |
| 74. | Mr George Abraham Erupulumkattil | Monippally | General |
| 75. | Mr Saju Sebastian Mankuzhikkary | Kuravilangad | General |
| 76. | Mrs Molly K.C. Mukalel | Vakkad | DCMS |
| 77. | Mrs Ancy Roji Puthenparambil | Mannackanad | Lady Rep |
| 78. | Mr Jinu John Thekkepattathel | Kuravilangad | Below -40 |

**Moolamattam**

| | | | |
|---|---|---|---|
| 79. | Mr Roy J Kallarangatt | Moolamattom | General |
| 80. | Mr Kuruvila Jacob Karivelil | Arakulam New | General |
| 81. | Mrs Jisha Sabu Parekattil | Moolamattom | General |
| 82. | Mr Francis Devasia Kurangananiyil | Arakulam New | DCMS |
| 83. | Mrs Bindu Jimmy Vettathu | Kudayathoor | Lady Rep |
| 84. | Mr Mathews Joy Kulathinal | Kudayathoor | Below -40 |

**Muttuchira**

| | | | |
|---|---|---|---|
| 85. | Mr K.T. Joseph (Joy) Kakkattil | Muttuchira | General |
| 86. | Mr Shajan V.J. Valachathinakathu | Malappuram | General |
| 87. | Mr Jose Kurian Vanchipurackal | Valachira | General |

| | | | |
|---|---|---|---|
| 88. | Mr K.M. Philipose Kottayil | Muttuchira | DCMS |
| 89. | Mrs Lizy Joseph Paleekunnel | Kanjirathanam | Lady Rep |
| 90. | Mr Sinu Cyriac Sebastian Puliyallil | Jaigiri | Below -40 |

**Poonjar**

| | | | |
|---|---|---|---|
| 91. | Mr Aloysious Abraham Aykaraparampil | Adivaram | General |
| 92. | Mr Shantri Tom Konoor | Poonjar | General |
| 93. | Mr C.M.George Chempakathinal | Maniankunnu | General |
| 94. | Mr Justin Mathew Kunnumpuram | Adivaram | DCMS |
| 95. | Mrs Asha M Mathew Thottakkaravayalil | Poonjar | Lady Rep |
| 96. | Mr Justin Joseph Kollamparambil | Poonjar | Below -40 |

**Pravithanam**

| | | | |
|---|---|---|---|
| 97. | Mr A.T. Joseph Aymanathil | Pravithanam | General |
| 98. | Mr Roy Joseph Kottaramkunnel | Vezhanganam | General |
| 99. | Mr Riju Joseph Areekattu | Ullanad | General |
| 100. | Mr Anish Chacko Cherimalayil | Ullanad | DCMS |
| 101. | Mrs Lissamma Bose Varakilparambil | Mundankal | Lady Rep |
| 102. | Mr Akash Manuel Tomy | Vezhanganam | Below -40 |

**Ramapuram**

| | | | |
|---|---|---|---|
| 103. | Mr Baby Uzhuthuval | Chakkampuzha | General |
| 104. | Mr Jobin P. Mathew Puthiyidathuchalil | Ramapuram | General |
| 105. | Mr Saju Thomas Nedumkunnel | Kurinji | General |
| 106. | Mr Anil Sebastian Thumbakunnel | Neeranthanam | DCMS |
| 107. | Mrs Jessy Joseph Kaviyil | Karoor | Lady Rep |
| 108. | Mr Tomin George Palliyaradiyil | Ezhacherry | Below -40 |

**Teekoy**

| | | | |
|---|---|---|---|
| 109. | Mr Jojo Joseph Punnaplackal | Teekoy | General |
| 110. | Mr Kurian Joseph Nelluvelil | Ayyampara | General |
| 111. | Mr Tomy Mathew Muthanattu | Mavady | General |
| 112. | Mr Biju Joseph Nirappel | Teekoy | DCMS |
| 113. | Mrs Jolly Thomas Vazhayil | Ayyampara | Lady Rep |
| 114. | Mr Jobin Job Mathen Palliyampil | Teekoy | Below -40 |

**Thudanganad**

| | | | |
|---|---|---|---|
| 115. | Mr Ajith Kurian Poovathumkal | Thudanganad | General |
| 116. | Mr Joseph Benedict (Sunny) Mundanattu | Maryland | General |
| 117. | Mr Jimmi Mathew Maleparambil | Gagultha(Mattathipara) | General |
| 118. | Mr Shaji Mathew Kunnumpurathu | Melukavumattom | DCMS |
| 119. | Mrs Shiby Abraham Vengathadathil | Sibigiri | Lady Rep |
| 120. | Mr Johnson Sebastian Kuzhinjalil | Neloor | Below -40 |

**Administrative Offices**

| | | | |
|---|---|---|---|
| 121. | Proto-Syncellus | Fr Joseph Thadathil | EO |
| 122. | Syncellus | Fr Joseph Maleparampil | EO |
| 123. | Syncellus | Fr Sebastian Vethanath | EO |
| 124. | Syncellus | Fr Joseph Kaniyodickal | EO |
| 125. | Judicial Vicar | Fr Joseph Mukaleparampil | EO |
| 126. | Finance Officer | Fr Joseph Muthanatt | EO |
| 127. | Asst Finance Officer | Fr Kurian Mukkamkuzhiyil | EO |
| 128. | Chancellor | Fr Joseph Kuttiankal | EO |
| 129. | Secretary to Mar Joseph Kallarangatt | Fr Augustine Kandathilkudilil | EO |

**Protopresbyters (Forane Vicars)**

| | | | |
|---|---|---|---|
| 130. | Palai Cathedral | Fr Jose Kakkallil | EO |
| 131. | Aruvithura | Fr Sebastian Vettukallel | EO |
| 132. | Bharananganam | Fr Zacharias Attappattu | EO |

| | | | |
|---|---|---|---|
| 133. | Cherpumkal | Fr Mathew Thekkel | EO |
| 134. | Elanji | Fr Joseph Edathumparambil | EO |
| 135. | Kadanad | Fr Joseph Panampuzha | EO |
| 136. | Kadaplamattom | Fr Joseph Mulanjanal | EO |
| 137. | Kaduthuruthy | Fr Mathew Chandrankunnel | EO |
| 138. | Koothattukulam | Fr James Kudilil | EO |
| 139. | Kootickal | Fr Joseph Vadakkemangalathu | EO |
| 140. | Kothanalloor | Fr Sebastian Padickakuzhuppil | EO |
| 141. | Kozhuvanal | Fr Jose Nellickatheruvil | EO |
| 142. | Kuravilangad | Fr Thomas Menacherry | EO |
| 143. | Moolamattam | Fr Kurian Kalayil | EO |
| 144. | Muttuchira | Fr Abraham Kollithanathumalayil | EO |
| 145. | Poonjar | Fr Thomas Panackakuzhy | EO |
| 146. | Pravithanam | Fr George Velooparampil | EO |
| 147. | Ramapuram | Fr Berchmans Kunnumpuram | EO |
| 148. | Teekoy | Fr George Vettukallel | EO |
| 149. | Thudangandadu | Fr Johnson Pulleettu | EO |

**Directors from Various Institutions & Offices**

| | | | |
|---|---|---|---|
| 150. | Rector, St. Alphonsa Shrine, Bharananganam | Fr Augustine Palackaparampil | EO |
| 151. | Rector, Good Shepherd Minor Seminary | Fr Jacob Vadakkel | EO |
| 152. | Rector, Mar Aprem Seminary | Fr Thomas Mannoor | EO |
| 153. | Co-ordinator, Sabarmathy Mission in Gujrat in the Eparchy of Shamshabad | Fr Mathew Puthiyidath | EO |
| 154. | Co-ordinator, Pala Mission in Thucklay | Fr Mathew Kuzhinjalil | EO |
| 155. | Director, Pala Caritas | Fr Kuriakose Vellachalil* | EO |
| 156. | Director, Alphonsian Pastoral Institute | Fr Jose Tharappel (Sr) | EO |

| | | | |
|---|---|---|---|
| 157. | Director, Bible Apostolate | Fr Thomas Puthuparampil | EO |
| 158. | Director, Internet Evangelisation | Fr Thomas Olayathil | EO |
| 159. | Eparchial Coordinator, Migrants | Fr Kuriakose Vellachalil* | EO |
| 160. | Director, Kerala Labour Movement (KLM) | Fr George Nellikunnucherivupurayidom* | EO |
| 161. | Director Mar Aprem Priest Home, Pala | Fr Augustine Theruvath | EO |
| 162. | Director, Vianney Priest Home, Muttuchira | Fr George Oravachalil | EO |
| 163. | Priest Rep –St Joseph's Pontifical Seminary, Mangalapuzha | Fr Mathew Ampazhathumkal | N |
| 164. | Priest Rep –St. Thomas Apostolic Seminary, Vadavathoor | Fr Dominic Vechoor | N |
| 165. | Priest Rep –Good Shepherd Major Seminary, Kunnoth | Fr Thomas Puthukulangara | N |
| 166. | Priest Rep - Presbyteral Council | Fr Augustine Koottiyaniyil | E |
| 167. | Priest Rep - Presbyteral Council | Fr Sebastian Kuttianickal | E |

**Viswasapariseelanam & Vocation Bureau**

| | | | | |
|---|---|---|---|---|
| 168. | Director, Viswasapariseelanam | Fr George Varghese Njarakunnel* | Arunoottimangalam | EO |
| 169. | Representative, Viswasapariseelanam | Mr Josekutty A.M. Elavanathodukayil | Thodanal | N |
| 170. | Representative, Viswasapariseelanam | Mr Anil Manuel Punnathanath | Neeranthanam | N |
| 171. | Director, Vocation Bureau | Fr George Varghese Njarakunnel* | Arunoottimangalam | EO |

**Education**

| | | | | |
|---|---|---|---|---|
| 172. | Secretary, Corporate Education Agency | Fr George Pullukalayil* | Manvettom | EO |
| 173. | Principal, St. Thomas College, Palai | Dr Siby James Kureekattukunnel | Monippally | EO |
| 174. | Principal, Alphonsa College, Palai | Sr Riya Mathew FCC | Kizhathadiyoor | EO |
| 175. | Principal, Devamatha College, Kuravilan-gad | Dr. Sunil C. Mathew | Kuravilangad | EO |
| 176. | Principal, St. George College, Aruvithura | Dr Siby Joseph Perumannil | Aruvithura | EO |
| 177. | Principal, St. Thomas Teacher Education Pala | Dr. T.C. Thankachan | Meenachil | EO |
| 178. | Principal, Mar Au-gusthinos College, Ramapuram | Dr Regi Varghese Mekkadan | Aruvithura | EO |
| 179. | Principal, Holy Cross College, Cherpunkal | Fr. Sebastian Thonikuzhiyil | Cherpunkal | EO |
| 180. | Principal, SJCET, Choondacherry | Dr V.P. Devasia Vallikavunkal | Periapuram | EO |
| 181. | Principal/ Di-rector SJIHMCT, Choondacherry | Fr Joseph Vattappallil | Mutholapuram | EO |
| 182. | Principal/ Director Nursing College Cherpumkal | Fr Joseph Kuzhinjalil | Pravithanam | EO |
| 183. | HSS Principal (Rep.) | Mr Joby Sebastian Vengathanam | Kozhuvanal | N/E |
| 184. | HSS Principal (Rep.) | Mrs Bella Joseph Pulickal | Thodanal | N/E |
| 185. | Headmaster HS (Rep.) | Mr Jo Sebastian Puthenpura | Teekoy | N/E |
| 186. | Headmaster UP (Rep.) | Mr Vincent Mathews Areekkatt | Ullanadu | N/E |

| | | | | |
|---|---|---|---|---|
| 187. | Headmaster LP (Rep.) | Mr Sheen Mathew Vadakkepadavil | Mannackanad | N/E |
| 188. | Headmistress HS (Rep.) | Mrs Cilja Mathew Chakkumkuzhiyil | Mannarappara | N/E |
| 189. | Headmistress UP (Rep.) | Sr Preethymol Jose Vadakarakkalayil CMC | Vilakkumadam | N/E |
| 190. | Headmistress LP (Rep.) | Sr Lissy Cyriac Chathanattu SABS | Kadanad | N/E |
| 191. | Principal, Self Financing HSS (Rep.) | Mr Benny George Puthuppallil | Kadaplamattom | N/E |
| 192. | Manager/ Headmaster, Self Financing HS (Rep.) | Fr Mathew Kadalikkattil | Anthialam | N/E |
| 193. | Principal, Nursury School (Rep.) | Sr. Rincy Varavunkal SH | Cathedral | N/E |
| 194. | Catholic Teachers Guild (Rep.) | Mr A.G. Shinumon Anatharackal | Pravithanam | N/E |
| 195. | Director, Alphonsian accademy | Fr Joseph Muthanattu* | Thidanad | N/E |
| 196. | Principal, Civil Service Institute | Mr V.V. Georgekutty | Thidanad | N/E |

**Charitable Institutions (Hospitals & Care Homes)**

| | | | | |
|---|---|---|---|---|
| 197. | Managing Director, Mar Sleeva Medicity | Fr Joseph Kaniyodickal* | Kothanalloor | EO |
| 198. | Director, HGM Hospital Muttuchira | Fr Abraham Palackathadathil | Elanji | EO |
| 199. | Administrator, Carmel Medical Centre | Sr Silvin CMC | Cathedral | EO |
| 200. | Administrator, Marian Medical Centre, Palai | Sr Lincy Emmanuel FCC | Arunapuram | EO |

| | | | | |
|---|---|---|---|---|
| 201. | Administrator, Marygiri Hospital | Sr Mini Ottaplackal MMS | Bharananganam | EO |
| 202. | Administrator, Devamatha Hospital | Sr Rosmin Pazhayakari SABS | Koothattukulam | EO |
| 203. | Administrator, Bp. Vayalil MedicalCentre | Sr Anice Koottiyaniyil SH | Moolamattom | EO |
| 204. | Administrator, Mar Kavukatt Hospital | Sr Mariette | Pravithanam | EO |
| 205. | Director, Care Homes | Fr George Nellikunnucherivu purayidom* | Retnagiri | EO |
| 206. | Representative, Care Homes | Sr Anjo SMS | | N |
| 207. | Representative, Care Homes | Mr Santhosh Mariasadanam | Mundankal | N |

**Social Service & INFAM**

| | | | | |
|---|---|---|---|---|
| 208. | Director, Social Service | Fr. Kizhakkayil Thomas | Koodalloor | EO |
| 209. | Representative, Social Service | Mr Dantees Koonanickal | Kanjiramattom | N |
| 210. | Director, INFAM | Fr Jose Tharappel Sr* | Chemmalamattom | EO |
| 211. | Representative, INFAM | Mr K.K. Jose Karippakudiyil | Ramapuram | N |

**Family Apostolate**

| | | | | |
|---|---|---|---|---|
| 212. | Director, Family Apostolate | Fr Joseph Narithookkil* | Shalom Pastoral Centre | EO |
| 213. | Representative, Family Apostolate | Mr Mathew M. Kuriakose | Cherpunkal | N |
| 214. | Director, ADARRT | Fr James Porunnolil | Cathedral | EO |

| | | | |
|---|---|---|---|
| 215. Representative, ADARRT | Mr Sebastian N.M. | Plassanal | N |
| 216. Director, Santhwana Counselling Centre | Fr Kurian Anithanam | Kaduthuruthy | EO |

**Evangelisation**

| | | | |
|---|---|---|---|
| 217. Director, Evangelisation Programmes | Fr Joseph Arimattathu* | Maniankulam | EO |
| 218. Representative, Evangelisation Programmes | Mr Mathewkutty T.M. Thannickal | Meenachil | N |
| 219. Director, Kudumbakoottaima | Fr Joseph Arimattathu* | Maniankulam | EO |
| 220. Coordinator, Kudumbakoottaima | Mr Sebastian Joseph Payyanimandapathil | Alphonsagiri | N |
| 221. Director, Mount Nebo | Fr Thomas Vazhacharickal | Narianganam | EO |
| 222. Representative, Mount Nebo | Adv Seby Cherian Vilangupara | Karoor | N |

**Social Communication**

| | | | |
|---|---|---|---|
| 223. Manager, St. Thomas Press | Fr. Cyriac Thadathil* | Moozhoor | EO |
| 224. Chief Editor, Deepanalam | Fr. Cyriac Thadathil* | Moozhoor | EO |
| 225. Director, Communication Media | Fr Christy Panthalanickal | Poovarany | EO |

**Lay Associations &Organisations**

| | | | |
|---|---|---|---|
| 226. Director, AKCC | Fr. George Varghese Njarakunnel * | Arunoottimanga-lam | EO |
| 227. President, AKCC | Mr Emmanuel John Nidhiri | Kuravilangad | EO |
| 228. Secretary, AKCC | Mr Jose Sebastian Vattakulam | Kanjrathanam | EO |

| | | | | |
|---|---|---|---|---|
| 229. | Global President, AKCC | Mr Rajeev Joseph Kochuparambil | Lalam Old | EO |
| 230. | Director, DCMS | Fr. Jose Vadakkekutt | | EO |
| 231. | President, DCMS | Mr Binoy John Ambalamkattayil | Kanjirathanam | EO |
| 232. | Secretary DCMS | Mrs Bindu Antony Vattamattathil | Arunapuram | EO |
| 233. | Director, CML | Fr. George Varghese Njarakunnel * | Arunoottimanga-lam | EO |
| 234. | President, CML | Mr Benny Mathew Muthanatt | Plassanal | EO |
| 235. | Director, SFO (Secular Francis-can Order) | Fr Antony Vechoor OFM Cap | Bharananganam | EO |
| 236. | President, SFO (Secular Francis-can Order) | Mr Sojan Mathew Koickal Varaparambil | Cherpunkal | EO |
| 237. | Director, Legion of Mary | Fr. George Varghese Njarakunnel * | Arunoottimanga-lam | EO |
| 238. | President, Legion of Mary | Mr C. Thomas Menamparambil | Cathedral | EO |
| 239. | Director, KCSL | Fr George Pullukalayil* | Manvettom | EO |
| 240. | President, KCSL | Mr Jijo Mathew Chandanakuzhiyil | Chittar | EO |
| 241. | Director, SMYM | Fr Mani Kozhuppankutty | Marangoli | EO |
| 242. | President, SMYM | Mr Anvin Sony Odachuvattil | Palakad | EO |
| 243. | Secretary, SMYM | Mr Robin T. Jose Thannimalayil | Poovakulam | EO |
| 244. | Director, Pithruvedi | Fr Joseph Narithookkil* | Paika | EO |
തദ്ദേശതിരഞ്ഞെടുപ്പിൽ ജനവിധിതേടുന്ന സംഘടനാപ്രവർത്തകർക്ക് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ വിജയാശംസകൾ നേർന്നു.

**യൂണിറ്റ് ഇലക്ഷൻ**

പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ 2026 പ്രവർത്തനവർഷത്തേക്കുള്ള യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന് തുടക്കം കുറിച്ചു. നവംബർ 30 വരെ നടത്തപ്പെടുന്ന യൂണിറ്റ് ഇലക്ഷന് യൂണിറ്റ് ഡയറക്ടർമാർ നേതൃത്വം നൽകും.

**കെസിവൈഎം രചനാമത്സരം**

കെസിവൈഎം സംസ്ഥാനസമിതിയുടെആഭിമുഖ്യത്തിൽ നടത്തപ്പെട്ട രചനാമത്സരത്തിൽ പാലാരൂപതയിൽനിന്നും യുവജനങ്ങൾ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ചെയ്തു.

**കെസിവൈഎം സംസ്ഥാന കലോത്സവം**

എറണാകുളം ഭാരത് മാതാ കോളേജിൽ വച്ചു നടത്തപ്പെട്ട കെസിവൈഎം സംസ്ഥാനകലോത്സവത്തിൽ പാലാ രൂപതയിലെ യുവജനങ്ങൾ പങ്കെടുക്കുകയും മികച്ച വിജയം കാഴ്ചവയ്ക്കുകയും ചെയ്തു. പരിചമുട്ട് (കുറവിലങ്ങാട്), ഫോട്ടോഗ്രഫി (ടിൻസി ബാബു, പൂവരണി) എന്നിവയിൽ ഒന്നാം സ്ഥാനവും, മാർഗംകളി (കുറവിലങ്ങാട്), ഡിബേറ്റ് (ആൽബിൻ ജിജോ, രാമപുരം - ബിബിൻ ബെന്നി, കാട്ടാംപാക്ക്) എന്നിവയിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികളെ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി അഭിനന്ദിച്ചു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

---

## ജീസസ് യൂത്ത്

---

**പോൾ കോഴ്സ്**

ജീസസ് യൂത്ത് ഫോർമേഷന്റെ ഭാഗമായി നവംബർ 16 നു ജ്യോതിർ ഭവനിൽ വച്ചു പോൾ കോഴ്സ് നടത്തപ്പെട്ടു. 22 പേർ പങ്കെടുത്തു.

**ടീൻസ് ദിനാഘോഷം**

പാലാ ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി പാലാ കാർമൽ സ്കൂളിൽ വച്ച് നവംബർ 8-ാം തീയതി ടീൻസ് ദിനാഘോഷം നടത്തപ്പെട്ടു. 60ൽ അധികം വിദ്യാർഥികൾ പങ്കെടുത്തു.

**ജാഗോ വോളണ്ടിയഴ്സ് ട്രെയിനിങ്**

ജീസസ് യൂത്ത് ഇന്ത്യയുടെ നേതൃത്വത്തിൽ ഡിസംബർ 28 മുതൽ 31 വരെ തീയതികളിലായി നടത്തപ്പെടുന്ന ജാഗോയുടെ ഒരുക്ക

മായുള്ള വോളണ്ടിയേഴ്സ് ട്രെയിനിങ് നവംബർ 9 നു ജ്യോതിർഭവനിൽ വച്ചു നടത്തപ്പെട്ടു. ഈശോയുടെകൂടെ തങ്ങൾ ചെയ്യാൻ പോകുന്ന ഈ ആത്മീയശുശ്രൂഷയുടെ ഗൗരവത്തെപ്പറ്റിയും അതിന്റെ ഒരുക്കത്തെക്കുറിച്ചും കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ ട്രെയിനിങ്ങിലൂടെ സാധിച്ചു.

**വേരിത്താസ് ഫോളോ അപ്പ്**

പാലാ കാർമൽ സ്കൂളിൽ വച്ച് വേരിത്താസിന്റെ ഫോളോ അപ്പ് ഗാതറിങ് നടത്തപ്പെട്ടു. 35 പേർ പങ്കെടുത്തു.

**നൈറ്റ് വിജിൽ**

ളാലം പുത്തൻപള്ളിയിൽവച്ച് നവംബർ 7 ആദ്യവെള്ളിയാഴ്ച വൈകുന്നേരം വി. കുർബാനയ്ക്കുശേഷം നൈറ്റ് വിജിൽ നടത്തപ്പെട്ടു.

നൈറ്റ് വിജിൽ ജീസസ് യൂത്ത് ഇന്റർനാഷണൽ ഓഫീസ് ചാപ്പലിൽ വച്ച് നവംബർ 14 വെള്ളിയാഴ്ച വൈകുന്നേരം മുതൽ ശനിയാഴ്ച രാവിലെ വരെ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ ജീസസ് യൂത്ത് ആനിമേറ്റർ സി. മെൽവിൻ എഫ്.സി.സി നേതൃത്വം നൽകി.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി പാരിഷ് ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടന്നുവരുന്നു. പ്രാർത്ഥനയാലും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു കഴിയുന്നുണ്ട്.

**മ്യൂസിക് മിനിസ്ട്രി ഗാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ കണ്ടെത്തി അവരെ ഒരുമിച്ചു ചേർത്ത് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി എല്ലാ ശനിയാഴ്ചയും രാത്രി 9മണിക്ക് ഗൂഗിൾ മീറ്റിൽവച്ച് ഓൺലൈൻ മ്യൂസിക് മിനിസ്ട്രി ഗാതെറിങ് നടത്തിവരുന്നു.

**ഹൗസ്ഹോൾഡ്**

2025 നവംബർ 2, ഞായറാഴ്ച അരുവിത്തുറ, പാലാ, കടുത്തുരുത്തി, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിൽ വച്ച് ജീസസ് യൂത്ത് ഹൗസ്ഹോൾഡ് നടത്തപ്പെട്ടു.

**സ്കൂൾ ഏകദിനപ്രോഗ്രാം**

സെന്റ് ജോസഫ് ഹൈസ്കൂൾ മാനത്തൂർ, കാർമൽ പബ്ലിക് സ്കൂൾ പാലാ എന്നിവിടങ്ങളിലെ കുട്ടികൾക്കായി ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1)** ഇലഞ്ഞി സെന്റ് പീറ്റർ & പോൾ ഇടവകയിൽ കുടുംബക്കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച സൺഡേ ക്ലിനിക്കിന്റെ (സൗജന്യ ലാബ് ടെസ്റ്റിങ്) ഉദ്ഘാടനം മോൺ. ജോസഫ് കണിയോടിക്കൽ നിർവഹിച്ചു. വികാരി വെരി റവ.ജോസഫ് ഇടത്തുംപറമ്പിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കുടുംബക്കൂട്ടായ്മയുടെ രൂപത ഡയറക്ടർ റവ.ഫാ.ജോസഫ് അരിമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. അസി. വികാരി ഫാ.ജോസഫ് ആലാനിക്കൽ, കുടുംബക്കൂട്ടായ്മ രൂപത പ്രസിഡൻറ് സെബാസ്റ്റ്യൻ ജോസഫ് പയ്യാനിമണ്ഡപത്തിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

**2)** ഉരുളികുന്നം സെൻറ് ജോർജ് ഇടവകയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനം നടന്നു. ഇടവകവികാരി റവ. ഫാ. ജേക്കബ് വെള്ളമരുതങ്കൽ അധ്യക്ഷത വഹിച്ചു. സെബാസ്റ്റ്യൻ പയ്യാനിമണ്ഡപത്തിൽ ക്ലാസ്സ് നയിച്ചു.

**3)** 14/11/2025 വെള്ളി 9.30 am ന് പാലാ രൂപത കുടുംബക്കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ബൈബിൾവചനപഠനപരമ്പര 'ജീവമന്ന' യുടെ തീം സോങ്ങിന്റെ പ്രകാശനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ബിഷപ്സ് ഹൗസിൽ വച്ചു നടന്ന സമ്മേളനത്തിൽ കുടുംബക്കൂട്ടായ്മ രൂപതാഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റത്ത് ആമുഖപ്രസംഗം നടത്തി. ഈശോയെ വീടുകളിലിരിക്കുന്നവരുടെ ഹൃദയങ്ങളിൽ എത്തിക്കുന്നതിന് കുടുംബക്കൂട്ടായ്മ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് അഭിവന്ദ്യപിതാവ് പറഞ്ഞു. പാലാ മീഡിയ കമ്മീഷന്റെ സഹകരണത്തോടെ പുറത്തിറക്കിയ തീം സോങ്ങിന്റെ രചനയും സംഗീതവും റവ.ഫാ. തോമസ് ഓലായത്തിലും എഡിറ്റിങ് ഫാ. ജോസഫ് പൊയ്യാനിയും നിർവഹിച്ചു. കുടുംബക്കൂട്ടായ്മ രൂപതാ കൗൺസിൽ അംഗങ്ങൾ, പ്രതിനിധികൾ, ഫൗണ്ടേഷൻ ചെയർമാൻ ശ്രീ സണ്ണി ഇടിമണ്ണിക്കൽ തുടങ്ങിയവർ പ്രസ്തുത സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

**4)** 14/11/2025 10 am ന് രൂപത കൗൺസിൽ അംഗങ്ങളുടെയും റിസോഴ്സ് ടീം അംഗങ്ങളുടെയും സംയുക്തയോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. വിശിഷ്ടാതിഥിയായി എത്തിയ ഇടിമണ്ണിക്കൽ ഫൗണ്ടേഷൻ ചെയർമാൻ സണ്ണി ഇടിമണ്ണിക്കൽ, ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത് തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

**5)** 16/11/2025 ഞായർ 2.30 pm ന് ഇലഞ്ഞി ഇടവകയിലെ കുടുംബക്കൂട്ടായ്മ ഇടവകഭാരവാഹികളുടെ സമ്മേളനം നടന്നു.വികാരി റവ ജോസഫ് ഇടത്തുംപറമ്പിൽ അധ്യക്ഷത വഹിച്ചു. അസി.വികാരി ഫാ. ജോസഫ് ആലാനിക്കൽ, പ്രസിഡൻറ് ഷിജോ തുടങ്ങിയവർ സംസാരിച്ചു. രൂപത റിസോഴ്സ് ടീം അംഗം ജോയി തെക്കുംചേരിക്കുന്നേൽ കുടുംബക്കൂട്ടായ്മയുടെ ശക്തീകരണത്തെക്കുറിച്ചു ക്ലാസെടുത്തു.

**6)** 28/11/2025 വെള്ളിയാഴ്ച 11.30 ന് രൂപത എക്സിക്യൂട്ടീവ് യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ബൈബിൾ കൺവെൻഷൻ, ജീവമന്ന ബൈബിൾവചനപഠന പരമ്പര എന്നിവയെക്കുറിച്ച് ചർച്ചകൾ നടന്നു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

**ഫാ.ആൽബിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

## ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

നവംബർ 07-09, 21-23 തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 235 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

ഡിസംബർ 05-07, 18-20, 29-31 എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

നവംബർമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിങ്ങിൽ പ്രൊഫ. ആൻസി വടക്കേചിറയാത്ത്, റവ. ഫാ. ജോസഫ് കടുപ്പിൽ എന്നിവർ ക്ലാസ്സെടുത്തു. 409 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**B. പിതൃവേദി**

**1. പുതിയ യൂണിറ്റ്**

നവംബർ 2-ാം തീയതി തോടനാൽ ഇടവകയിൽ പുതുതായി ആരംഭിച്ച പിതൃവേദി യൂണിറ്റിന്റെ ഉദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. തോടനാൽ വികാരി റവ. ഫാ. മാത്യു കാലായിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. 32 പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തു.

തുടർന്ന് 8.00 പി.എം ന് മേരിലാന്റ് ഇടവകയിൽ പുതുതായി ആരംഭിച്ച പിതൃവേദി യൂണിറ്റിന്റെ ഉദ്ഘാടനം പിതൃവേദി രൂപതാപ്രസിഡന്റ് ശ്രീ ജോസ് തോമസ് മുത്തനാട്ട് നിർവഹിച്ചു. സമ്മേളനത്തിൽ 26 പിതൃവേദി അംഗങ്ങൾ പങ്കെടുത്തു.

നവംബർ 16 ന് രാവിലെ 7.00 ന് അൽഫോൻസാഗിരി ഇടവകയിൽ പുതുതായി ആരംഭിച്ച പിതൃവേദി യൂണിറ്റും ഡയറക്ടർ ഉദ്ഘാടനം ചെയ്തു.

**2. ആദരിക്കൽ**

നവംബർ 7-ാം തീയതി വൈകുന്നേരം 4.45 ന് മാവടി ഇടവകയുടെ സുവർണ്ണജൂബിലിയുടെ ഭാഗമായി പിതൃവേദി ക്രമീകരിച്ച മുതിർന്ന ദമ്പതികളെ ആദരിക്കുന്ന ചടങ്ങിൽ ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ജൂബിലി ആഘോഷിക്കുന്ന 12 ദമ്പതികളെയും ഇടവകയിലെ മുതിർന്ന മാതൃ- പിതൃവേദി പ്രവർത്തകരെയും ആദരിച്ചു.

**3. തക്കോൽദാനകർമ്മം**

നവംബർ 14-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് രാമപുരം പിതൃവേദി യൂണിറ്റ് നിർമ്മിച്ചുനല്കിയ ഭവനത്തിന്റെ തക്കോൽദാനകർമ്മം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. മുഖ്യ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, രാമപുരം വികാരി റവ. ഫാ. ബർക്കുമാൻസ് കുന്നുപുറം, പിതൃവേദി രൂപതാഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**4. വാർഷികാഘോഷം**

നവംബർ 16-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ഇലഞ്ഞിമേഖല പിതൃവേദിയുടെ വാർഷികത്തിൽ മേഖല പ്രസിഡന്റ് ശ്രീ തോമസ് കട്ടയ്ക്കൽ അധ്യക്ഷത വഹിച്ചു. പിതൃവേദി രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. മേഖല രക്ഷാധി

കാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ, റവ. ഫാ. ജോസഫ് ആലാനിക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**C. മാതൃവേദി**

**1. വാർഷികസമ്മേളനം**

നവംബർ 7 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ചെമ്പിളാവ് ഇടവകയിലെ മാതൃവേദി യൂണിറ്റിന്റെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്ത് രൂപതഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംസാരിച്ചു. മാതൃവേദി ഗ്ലോബൽ ജനറൽ സെക്രട്ടറി സിജി ലൂക്ക്സൺ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മാതൃവേദി ചേർപ്പുങ്കൽ ഫൊറോന പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി സംസാരിച്ചു. പള്ളിവികാരി ഫാ.കുര്യൻ പോളക്കാട്ട് പരിപാടികൾക്കു നേതൃത്വം നൽകി.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

നവംബർ 26-ാം തീയതി 11.30 ന്  മാതൃവേദി എക്സിക്യൂട്ടീവ് കൂടുകയും വരുന്ന രണ്ടു മാസത്തേക്കുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുകയും ചെയ്തു.

**D. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ "സീറോ മലബാർ  മാട്രിമണി"സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**3. സ്റ്റാഫ് മീറ്റിങ്**

നവംബർ 27-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ  നവംബർ 5, 21 തീയതികളിൽ കേക്ക്, ബിസ്കറ്റ്, പുഡിങ് നിർമ്മാണപരിശീലനക്ലാസ്സ് നടത്തപ്പെട്ടു. ഉത്തമകുടുംബജീവിതത്തിനാവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ

പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിങ്, മെറ്റൽ എംബോസ്സിങ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിങ്, പോട്ട് പെയിന്റിങ്, കോഫി പെയിന്റിങ്, ഓർണമെന്റ്സ് മേക്കിങ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ –7306293048

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴി രത്നഗിരി, രാമപുരം ഇടവകകളിലെ പെൺകുട്ടികൾക്കു വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)**

# കത്തോലിക്കാ കോൺഗ്രസ്

**രൂപതാകമ്മിറ്റി**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ യോഗം പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ നടത്തി. റവ. ഡോ. വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോയി കണിപറമ്പിൽ, റ്റോമി കണ്ണീറ്റുമ്യാലിൽ തുടങ്ങിയവർ സംസാരിച്ചു.

**തീരുമാനങ്ങൾ**

ത്രിതലപഞ്ചായത്തുകളിൽ മാക്സിമം അംഗങ്ങളെ മത്സരിപ്പിക്കുക. മത്സരിക്കുന്നവർക്ക് പറ്റുന്ന സഹായങ്ങൾ ചെയ്യുക. അടുക്കളത്തോട്ടം മത്സരം 2025 ന്റെ മാർക്കിടീൽ യൂണിറ്റുതലത്തിൽ നവംബർ 5, 6 തീയതികളിൽ നടത്തുക. തുടർന്ന് ഫൊറോന, രൂപതാ തലങ്ങളിലും നടത്തുക. യൂണിറ്റുകളിൽ മാസമീറ്റിങ്ങുകൾ കൃത്യമായി നടത്തുന്നു എന്ന് ഉറപ്പുവരുത്തുക. ഫൊറോന, രൂപതാ ഭാരവാഹികൾ നേതൃത്വം നല്കുക.

**ആദരിച്ചു**

ഭാരതത്തിന്റെ വലിയ മല്പാനായി തിരഞ്ഞെടുത്ത റവ.ഡോ. കൂനമ്മാക്കൽ തോമ്മാക്കത്തനാരെ ഷാൾ അണിയിച്ചും മെമൊന്റോ നല്കിയും ആദരിച്ചു. ആദരവുസമ്മേളനത്തിൽ രൂപതാപ്രസിഡന്റ് എമ്മാനുവൽ

നിധീരി അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ കൂനമ്മാക്കൽ തോമ്മാക്കത്തനാരുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കത്തനാർ മറുപടിപ്രസംഗം നടത്തി. രൂപതാ, ഫൊറോനാ ഭാരവാഹികൾ സന്നിഹിതരായിരുന്നു.

**അടുക്കളത്തോട്ടം -2025 വിജയികൾ**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തിയ 11 -ാമത് അടുക്കളത്തോട്ടമത്സരം 2025 ന്റെ വിജയികളെ പ്രഖ്യാപിച്ചു.

മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും മത്സരവിജയത്തിന് സഹായസഹകരണങ്ങൾ നല്കിയ യൂണിറ്റ്, ഫൊറോന, രൂപതാ ഡയറക്ടർ, ഭാരവാഹികൾ, അംഗങ്ങൾ എന്നിവർക്കും പ്രത്യേകമായി കർഷകവേദി ചെയർമാൻ റ്റോമി കണ്ണീറ്റുമ്യാലിനും നന്ദി അറിയിക്കുന്നു.

**11-ാം അടുക്കളത്തോട്ടം മത്സരം 2025**

**രൂപതാവിജയികൾ**

***കർഷക മിത്രം***

ഡോമിനിക് ജോസഫ് മഠത്തിപ്പറമ്പിൽ, നീലൂർ

2nd ജെയ്സമ്മ ജെയിംസ് പറയംപറമ്പിൽ മുത്തോലപുരം

3rd ബീന മാത്യു വെട്ടിക്കത്തടം, കാഞ്ഞിരത്താനം

4rd ജോസഫ് മടിക്കാങ്കൽ, പറത്താനം

5th എമ്മിച്ചൻ തെങ്ങുംപള്ളി, പയസ്മൗണ്ട്

***യുവകർഷകൻ***

ജോയിസ് ജിം വിച്ചാട്ട്, തുടങ്ങനാട്

*സീനിയർ സിറ്റിസൺ വുമൺ*

പെണ്ണമ്മ പത്താംകുളത്ത്, രാമപുരം.

***പ്രോത്സാഹനസമ്മാനങ്ങൾ***

1. ലിസി ജോണി തെക്കേൽ, കൊഴുവനാൽ
2. ജോസഫ് മിറ്റത്താനിയിൽ, സിബിഗിരി
3. ജ്യോതി ജോസ് കുറ്റനാൽ, മരങ്ങാട്ടുപിള്ളി
4. ആൽബിൻ മാത്യു കുന്നപ്പള്ളിൽ, പെരിങ്ങുളം
5. പ്രൊഫ. ഫ്രാൻസിസ് കൊച്ചുമല, മരങ്ങോലി

6. C D ജോയി ചെങ്ങഴശേരിയിൽ, തീക്കോയി
7. EJ ജേക്കബ് ഇഞ്ചനാനിയിൽ, രാമപുരം
8. ജോൺ എം.ടി മുളർകാട്ട്, രത്നഗിരി
9. പൗലോസ് ജോസഫ് മഠത്തിക്കുന്നേൽ, അറുന്നൂറ്റിമംഗലം
10. ലിന്റാ സുനിഷ് സുനിനിവാസ്, പൂഴിക്കോൽ
11. P.S. ജോസ് പൈനിക്കുളം, പൂവത്തോട്
12. തോമസ് ജോസഫ് കല്ലിടുക്കിൽ, കുരുവിനാൽ
13. ജോജോ തുണ്ടത്തിൽ, വെള്ളികുളം
14. മോളി ജേക്കബ് മുണ്ടയ്ക്കൽ, പിഴക്
15. തോമസ് വള്ളോംതോട്ടത്തിൽ, കോതനല്ലൂർ
16. വർക്കിച്ചൻ മാന്നാത്ത്, വെള്ളികുളം

**യൂണിറ്റ് വാർത്തകൾ**

***ഏഴാച്ചേരി***

കത്തോലിക്കാകോൺഗ്രസ് ഏഴാച്ചേരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പോൾവാട്ടിൽ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡലുകൾ നേടിയ മരിയ ജയ്സണെ രൂപതാഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മെമൊന്റോ നല്കിയും വികാരി ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി ഷാൾ അണിയിച്ചും ആദരിച്ചു. യൂണിറ്റ് പ്രസിഡന്റ് ബിനോയി പള്ളത്ത് അധ്യക്ഷത വഹിച്ചു. ഫൊറോന പ്രസിഡന്റ് അജോ തൂണുങ്കൽ പ്രഭാഷണം നടത്തി. സജി ജേക്കബ്, എബ്രാഹം വർഗീസ് എന്നിവർ നേതൃത്വം നല്കി.

***ചക്കാമ്പുഴ***

യൂണിറ്റിന്റെ നേതൃത്വത്തിൽ സാമ്പത്തികസുരക്ഷാസെമിനാർ സംഘടിപ്പിച്ചു. ഫാ. ജോസഫ് വെട്ടത്ത് ഉദ്ഘാടനം ചെയ്തു. ശ്രീ. ജെയിംസ് മാത്യു ക്ലാസ്സ് നയിച്ചു. യൂണിറ്റ് പ്രസിഡന്റ് സണ്ണി കുരിശിങ്കൽ അധ്യക്ഷത വഹിച്ചു. തങ്കച്ചൻ കളിരിക്കാട്ട്, മാത്യു പാലത്താനത്തുപടവിൽ തുടങ്ങിയവർ നേതൃത്വം നല്കി.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ബാങ്ക് ഓഫ് ബറോഡ യുടെ സഹകരണത്തോടെ നടപ്പാക്കുന്ന 'ബറോഡ ബാങ്ക് കിസാൻ പഖ്വാഡ' പദ്ധതി ഉദ്ഘാടനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്വയംസഹായസംഘങ്ങൾക്കും കർഷകദളങ്ങൾക്കും ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നാമമാത്ര പലിശയോടുകൂടിയ പത്തു കോടി രൂപ ബറോഡബാങ്കിന്റെ കിസാൻ പഖ്വാഡ പദ്ധതിയുടെ സഹകരണത്തോടുകൂടി വിതരണം ചെയ്തു. സ്വയം സഹായ സംഘ-സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് - എസ്. എച്ച് ജി-അംഗങ്ങൾക്കും കർഷകദളങ്ങളിലെ മെമ്പർമാർക്കും ഈ വായ്പ പ്രയോജനപ്പെടുത്താവുന്നതാണ്. വായ്പാവിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിൽ വച്ച് ബറോഡാ ബാങ്കിന്റെ എറണാകുളം റീജിയൺ ജനറൽ മാനേജർ പ്രേംജിത്കുമാർ ഡി നിർവ്വഹിച്ചു. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അദ്ധ്യക്ഷതയിൽ രാവിലെ പതിനൊന്നു മണിക്ക് മർത്ത് മറിയം പാരിഷ് ഹാളിൽ ചേർന്ന സമ്മേളനത്തിന്റെ ഉദ്ഘാടനം ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരിൽ നിർവ്വഹിച്ചു. ബറോഡ ബാങ്ക് സോണൽ ഡപ്യൂട്ടി ജനറൽ മാനേജർ അനീഷ്കുമാർ കേശവൻ, പി.എസ്.ഡബ്ലിയു.എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടത്തിനാൽ, സോണൽ ഡയറക്ടർ ഫാ. ജോസഫ് ചൂരയ്ക്കൽ, ബറോഡ ബാങ്ക് റീജിയൺ മാനേജർ മിനി സി.ജി, കാർഷികവിഭാഗം ഇൻ ചാർജ് കുമാർ പ്രഭാകർ, പി.എസ്.ഡബ്ലിയു.എസ് കുറവിലങ്ങാട് സോൺ കോർഡിനേറ്റർ ലിജി ജോൺ, പ്രവിത്താനം സോൺ കോർഡിനേറ്റർ റീജ ടോം, പാലാ സോൺ കോർഡിനേറ്റർ സൗമ്യ ജെയിംസ്, ചേർപ്പുങ്കൽ & ഭരണങ്ങാനം സോൺ കോർഡിനേറ്റർ ജിജി സിന്റോ, ഇലഞ്ഞി സോൺ കോർഡിനേറ്റർ ഷിജി മാത്യൂ, കടുത്തുരുത്തി & കോതനല്ലൂർ സോൺ കോർഡിനേറ്റർ ഷൈനി, പി.എസ്.ഡബ്ലിയു.എസ് പ്രൊജക്റ്റ് മാനേജർ ടോണി സണ്ണി, വിവിധ സ്വയം സഹായ സംഘങ്ങളുടെയും കർഷകദളങ്ങളുടെയും അംഗങ്ങൾ എന്നിവർ പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുത്തു. ബറോഡാ കിസാൻ പഖ് വാഡ പദ്ധതിയുടെ ഭാഗമായുള്ള ബർവിൻ വായ്പയുടെ ഒന്നാം ഘട്ടം വിതരണമാണ് നടന്നത്.

**സൗജന്യ കൂൺ കൃഷി പരിശീലനം നടത്തി**

1. ഇടമറുക് സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 1 ശനിയാഴ്ച ഇടവകക്കാർക്കുവേണ്ടി സൗജന്യ ചിപ്പിക്കൂൺ കൃഷി പരിശീലനം നടത്തി. റിട്ട. കൃഷിവകുപ്പ് ജോയിന്റ് ഡയറക്ടർ വൈ. ജെ. അലക്സ് സാർ ക്ലാസ് നയിച്ചു. പഴയ കൃഷിരീതിയിൽ പ്രായോഗികബുദ്ധിമുട്ട് ഏറെയാണെങ്കിലും നൂതന കൃഷിരീതിയായ പെല്ലറ്റ് ഉപയോഗിച്ച് മെത്ത ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള ക്ലാസ് കൂൺ കൃഷി രീതി എളുപ്പമാക്കി.

2. കടുത്തുരുത്തി സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 14 വെള്ളിയാഴ്ച ഇടവകക്കാർക്കുവേണ്ടി സൗജന്യ ചിപ്പിക്കൂൺ കൃഷി പരിശീലനം നടത്തി. റിട്ട. കൃഷി ജോയിന്റ് ഡയറക്ടർ വൈ. ജെ. അലക്സ് സാറാണ് ക്ലാസ് നയിച്ചത്. ചിപ്പിക്കൂൺകൃഷിയെക്കുറിച്ച് പുസ്തകങ്ങളും വിതരണം ചെയ്തു. കൃഷി ചെയ്യുണ്ടാത്തവർക്കും ആവശ്യമായ അറിവുകൾ ലഭ്യമാക്കാൻ സാധിച്ചു. ക്ലാസിൽ സംബന്ധിച്ച എല്ലാവർക്കും പുതിയ രീതി വളരെയേറെ ഇഷ്ടപ്പെട്ടു.

**ഡയാലിസിസ് കിറ്റ് വിതരണം ചെയ്തു**

കുറിച്ചിത്താനം കർഷകദള ഫെഡറേഷൻ കുറവിലങ്ങാട് സെന്റ് വിൻസെന്റ് ഹോസ്പിറ്റലിലേക്ക് ആറ് ഡയാലിസിസ് കിറ്റ്, സോൺ ഡയറക്ടർ ഫാ. ജോസഫ് ചൂരയ്ക്കൽ പ്രസിഡന്റ് ഷൈജു പി. മാത്യു, ഫെഡറേഷൻ ഭാരവാഹികൾ എന്നിവർ ചേർന്ന് കൈമാറി.

**ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി**

ഡ്രീം ഫെസ്റ്റ് ഇൻസ്റ്റാൾമെന്റ് പദ്ധതി പ്രകാരം ഫ്രിഡ്ജ്, വാഷിങ് മെഷീൻ, മൊബൈൽ ഫോൺ, ഓവൻ എന്നിവയുടെ വിതരണം വിവിധ സോണൽ തലത്തിൽ നടത്തിവരുന്നു. ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഈ പദ്ധതി വളരെ സഹായമായി.

**കോഴിക്കുഞ്ഞുങ്ങളുടെ വിതരണം**

സ്റ്റീൽ ഇന്ത്യ മുണ്ടുപാലം കാമ്പസ് പാലായിൽ വച്ച് ഉയർന്ന ഇനം BV380 കോഴിക്കുഞ്ഞുങ്ങൾ, ഗിനി കോഴി കുഞ്ഞുങ്ങൾ, മുട്ടത്താറാവ്, ഹൈടെക് കോഴിക്കൂടുകൾ എന്നിവയുടെ പ്രദർശനവും വിപണനവും നടത്തി.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്താക്കൾക്കുള്ള സാമ്പത്തിക സഹായം വിതരണം ചെയ്തു.

**അവലോകന യോഗങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയംസഹായസംഘങ്ങളുടെ അവലോകന മീറ്റിങ്ങുകൾ വിവിധ ഇടവക തലത്തിൽ നടത്തപ്പെട്ടു. അവലോകനമീറ്റിങ്ങിൽ പുതിയ ഗ്രൂപ്പുകളുടെ രൂപീകരണം, കൃഷിസംബന്ധമായ ക്ലാസുകൾ എന്നിവ നടന്നു.

**വാർഷികാഘോഷങ്ങൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്വയംസഹായസംഘങ്ങളുടെ ഇടവക - ഫൊറോന തലത്തിലുള്ള വാർഷികാഘോഷങ്ങൾ നടത്തപ്പെട്ടു. വാർഷികാഘോഷങ്ങളോട് അനുബന്ധിച്ചു വിവിധ ഫൊറാന, ഇടവകതലങ്ങളിൽ ഓണാഘോഷങ്ങളും വിവിധ മത്സരങ്ങളും നടത്തപ്പെട്ടു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**DCMS സംഘടന തെരഞ്ഞെടുപ്പ് 2026-29**

KCBC SC/ST/BC കമ്മീഷന്റെ നിർദേശപ്രകാരം DCMS സംഘടനയുടെ 2026-2029 വർഷങ്ങളിലേക്കുള്ള യുണിറ്റ്, ഫൊറോന, രൂപത, സംസ്ഥാന തിരഞ്ഞെടുപ്പ് 2025 ഡിസംബർ മുതൽ 2026 മാർച്ച് വരെ നടത്തപ്പെടുകയാണ്. നമ്മുടെ രൂപതയിൽ യുണിറ്റ് തലത്തിലുള്ള തിരഞ്ഞെടുപ്പ് 2025 ഡിസംബർ 7, 14 എന്നീ ഞായറാഴ്ചകളിലാണ് നടത്തുന്നത്. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നിർദ്ദേശാനുസരണം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്തച്ചനാണ് മുഖ്യവരണാധികാരിയായി പ്രവർത്തിക്കുന്നത്.

യുണിറ്റ് ഇലക്ഷൻ - ഡിസംബർ 7- 14

ഫൊറോന ഇലക്ഷൻ - ഡിസംബർ 28 ജനുവരി 4

രൂപത ഇലക്ഷൻ - ജനുവരി 25

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)
**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി. ഡയറക്ടർ)

# കെയർ ഹോംസ്

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

7/11/2025 വെള്ളിയാഴ്ച എക്സിക്യൂട്ടീവ് മീറ്റിങ് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു.

**2. മെഡിക്കൽ ക്യാമ്പ്**

24.11.2025 ൽ അന്തിനാട് ശാന്തിനിലയം സ്പെഷ്യൽ സ്കൂളിൽ വച്ച് മെഡിസിറ്റി ചേർപ്പുങ്കൽ & കെയർ ഹോം പാലായുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടന്നു. 64 കുട്ടികളും സ്റ്റാഫും പങ്കെടുത്തു. ഡോ കെ. ലിറ്റയും രണ്ടു നേഴ്സുമാരും കോർഡിനേറ്റർ ആൽബിനും നേതൃത്വം വഹിച്ചു. 10 മണിക്കു തുടങ്ങിയ ക്യാമ്പ് 12 മണിയോടെ അവസാനിച്ചു.

**2.** പാലാ മെഡിസിറ്റി ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ 28/10/2025 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ ആയാംകുടി ആശാനികേതൻ സ്പെഷ്യൽ സ്കൂൾ വച്ച് മെഡിക്കൽ ക്യാമ്പ് നടത്തുകയുണ്ടായി. ഡോക്ടർ കെ. ലിറ്റിയും 2 നേഴ്സുമാരും കോർഡിനേറ്റർ ആൽബിനും സന്നിഹിതരായിരുന്നു.

**3. വെഞ്ചരിപ്പും ഉദ്ഘാടനവും**

25/10/2025 ൽ വലവൂർ SMS ന്റെ ഓൾഡേജ് ഹോം ഉദ്ഘാടനം നടന്നു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. ഡയറക്ടറച്ചൻ പങ്കെടുത്തു.

**4.** പാസ്റ്ററൽ കൗൺസിൽ മെമ്പേഴ്സായി കെയർ ഹോംസ് വൈസ് പ്രസിഡന്റ് സി. ആൻജോ SMS, സന്തോഷ് മരിയസദനം എന്നിവരെ തിരഞ്ഞെടുത്തു.

**വാർഷികസമ്മേളനം**

15/11/2025 ൽ എസ്.ഡി.വൃദ്ധമന്ദിരത്തിന്റെ 70-ാം വാർഷികസമ്മേളനത്തിൽ ഡയറക്ടർ പങ്കെടുത്തു.

ഓൾഡേജ് ഹോം പ്രസിഡന്റ് സി. ആൻജോ SMS ന്റെ രജതജൂബിലിയിൽ ഡയറക്ടർ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**എക്സിക്യൂട്ടീവ് മീറ്റിങ്**

10/11/2025 തിങ്കളാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തപ്പെട്ടു.

**ആടുവിതരണം**

എം.പവർ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച 15 ആടുകളെ 12/11/2025 ബുധനാഴ്ച വിതരണം ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ (എ.എ. മീറ്റിങ്)**

നവംബർ 2,9,16,23 തീയതികളിൽ AA മീറ്റിങ്ങുകൾ നടന്നു. ഫാ. ജെയിംസ് പൊരുന്നോലിൽ, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ-അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം നവംബർ 9-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് നടന്നു.

**ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്**

ഇരവിമംഗലം, പൂഴിക്കോൽ സൺഡേസ്കൂൾ കുട്ടികൾക്കും മാതാപിതാക്കൾക്കും മത അധ്യാപകർക്കു അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ലഹരിവിരുദ്ധബോധവൽക്കരണക്ലാസ് നയിച്ചു.

**ബോധവൽക്കരണക്ലാസുകൾ**

നവംബർ 4,11 തീയതികളിൽ നടന്ന NISD & SLCA യും സംയുക്തമായി ചങ്ങനാശ്ശേരി പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തിയ സ്റ്റേറ്റ് ലെവൽ ട്രെയിനിങ് പ്രോഗ്രാമിന് അഡാർട്ട് പ്രൊജക്റ്റ് കോർഡിനേറ്റർ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. കൗൺസിലേഴ്സ്, നേഴ്സ്, വാർഡ് ബോയ്, എജ്യുക്കേറ്റേഴ്സ് തുടങ്ങിയവർക്കുവേണ്ടിയാണ് ക്ലാസ് നയിച്ചത്

**അവേയർനസ് ക്യാമ്പയിൻ**

കുറവിലങ്ങാട് സെൻറ് മേരീസ് എച്ച്.എസ്.എസ് സ്കൂളിലെ കുട്ടികളുടെയും, അധ്യാപകരുടെയും നേതൃത്വത്തിൽ അഡാർട്ട് ക്ലബ്ബിന്റെ സഹകരണത്തോടെ ആൻറി ഡ്രഗ് അവേയർനസ് ക്യാമ്പയിൻ സംഘടിപ്പിച്ചു അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**അഭിനന്ദന സർട്ടിഫിക്കറ്റ്**

നശാ മുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി കുറവിലങ്ങാട് ദേവമാതാ കോളേജ് (ഓട്ടോണമസ്) ന്റെ സഹകരണത്തോടെ കോളേജിൽ വച്ച് 2025 നവംബർ 18, ചൊവ്വാഴ്ച ബോധവത്കരണപരിപാടിയുടെ ഭാഗമായി പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും, ലഹരി

ക്കെതിരായി പ്രതിജ്ഞ എടുക്കുകയും ലഹരിവിരുദ്ധപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും ചെയ്ത പാലാ അഡാർട്ട് ഐ.ആർ.സി.എ.യെ ജില്ലാ സാമൂഹികനീതിവകുപ്പ് സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു.

**ശിശുദിനാഘോഷം**

നവംബർ 14 ശിശുദിനത്തോടനുബന്ധിച്ച് ലിറ്റിൽ തെരേസ എൽ പി സ്കൂൾ കുട്ടികൾ അഡാർട്ട് സന്ദർശിക്കുകയും തുടർന്ന് അവർക്കു വേണ്ടി അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, സീനിയർ കൗൺസിലർ ജോയി കെ. മാത്യു എന്നിവർ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നയിക്കുകയും ചെയ്തു. കുട്ടികൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു

**ഭവനസന്ദർശനം**

അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ, പ്രോജക്ട് കോർഡിനേറ്റർ എൻ. എം. സെബാസ്റ്റ്യൻ എന്നിവർ അഡാർട്ടിൽ ചികിത്സ പൂർത്തിയാക്കിയ കാഞ്ഞിരപ്പള്ളി, പൈക ഭാഗത്തുള്ള എ.എ അംഗങ്ങളുടെ ഭവനം സന്ദർശിച്ചു

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ഫാമിലിക്വിസ്**

ലോഗോസ് ഫാമിലിയായി കുറവിലങ്ങാട് ഇടവകയിൽനിന്നുള്ള ഡിന്റോ വടക്കേവെള്ളയ്ക്കൽ ഫാമിലി തിരഞ്ഞെടുക്കപ്പെട്ടു. ഫാ. തോമസ് നാഗനൂലിൽ മെമ്മോറിയൽ എവർറോളിങ് ട്രോഫിയും 10,000 രൂപയുമാണ് സമ്മാനം. രണ്ടാംസ്ഥാനം ലഭിച്ചത് മരങ്ങാട്ടുപിള്ളി ഇടവകയിൽനിന്നുള്ള ബെന്നി മലപ്രനാൽ ഫാമിലിയാണ്.

**സംസ്ഥാനതലത്തിൽ അഞ്ചാം സ്ഥാനം**

സംസ്ഥാനതലമത്സരത്തിൽ എ വിഭാഗത്തിൽനിന്നും ആൽബർട്ട് റിജോ കുറവിലങ്ങാട്, ബി വിഭാഗത്തിൽനിന്നും ആഗ്നസ് റിജോ കുറവിലങ്ങാട്, ലിസ്മരിയ അരുവിത്തുറ എന്നിവർ സംസ്ഥാനതലത്തിൽ അഞ്ചാംസ്ഥാനം കരസ്ഥമാക്കി.

**പരിശീലനക്ലാസ്സ്**

സംസ്ഥാനമത്സരത്തിന് അർഹതനേടിയവർക്കായി നവംബർ 1-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് പരിശീലനം നല്കി.

**ബൈബിൾ ക്ലാസ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ നവംബർമാസത്തെ ക്ലാസ് 8-ാം തീയതി നടന്നു. അടുത്ത ക്ലാസ് ഡിസംബർ 13 ന് അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ നടക്കും. ഫാ. ജോർജ് പള്ളിക്കാമ്യാലിൽ നേതൃത്വം നല്കും.

**ഡിസംബർ ബൈബിൾപാരായണമാസം**

ഡിസംബർ മുഴുവൻ ബൈബിൾപാരായണമാസമായും ഡിസംബർ 21-ാം തീയതി ബൈബിൾഞായറാഴ്ചയായും കേരളസഭ ആചരിക്കുകയാണല്ലോ. വി. ഗ്രന്ഥത്തോടുള്ള കൂടുതൽ അടുപ്പവും ആഭിമുഖ്യവും ഊട്ടിയുറപ്പിക്കുന്നതിനാണ് കെ.സി.ബി.സി.യുടെ ആഹ്വാനപ്രകാരം ഡിസംബർ ബൈബിൾ പാരായണമാസമായി ആചരിക്കുന്നത്.

വചനം മാംസമായി അവതരിച്ച തിരുപ്പിറവിയെ അനുസ്മരിക്കുന്ന ഡിസംബറിൽ അക്ഷരം ധരിച്ച വചനത്തെ ആഴത്തിൽ വായിച്ചൊരുങ്ങാൻ അവസരമൊരുക്കുകയാണ് ബൈബിൾ പാരായണമാസത്തിന്റെ ലക്ഷ്യം. പൊതുസമൂഹത്തിൽ താത്പര്യമുളവാക്കുന്ന വിധത്തിൽ ബൈബിൾ പാരായണം കുടുംബത്തിൽ, കുടുംബക്കൂട്ടായ്മകളിൽ ഇടവകതലത്തിൽ എന്നിങ്ങനെ ക്രമപ്പെടുത്താവുന്നതാണ്. **സംസ്ഥാനതലത്തിൽ അംഗീകാരം**

കുറവിലങ്ങാട് ഇടവകയിൽനിന്നുള്ള വടക്കേവെള്ളയ്ക്കൽ ഡിന്റോ ഫ്രാൻസിസ്, ആൽബർട്ട് റിജോ, ആഗ്നസ് റിജോ എന്നിവരടങ്ങുന്ന കുടുംബം സംസ്ഥാനതലത്തിൽ ലോഗോസ് ഫാമിലിയായി തിരഞ്ഞെടുത്തു.

ചാൾസ് ആന്റണി ജേക്കബ്-മണ്ണയ്ക്കനാട് സ്പെഷ്യൽ ലോഗോസ് സംസ്ഥാനമത്സരത്തിൽ 4-ാം സ്ഥാനം കരസ്ഥമാക്കി.

കുറവിലങ്ങാട് ഇടവക ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിന് സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിന് പാലാ രൂപത ഒന്നാംസ്ഥാനം കരസ്ഥമാക്കി.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

## ഇവാഞ്ചലൈസേഷൻ

**1.** 27/10/2025 ൽ ബിഷപ്സ് ഹൗസിൽ വച്ച് രൂപത ബൈബിൾ കൺവെൻഷന്റെ എക്സിക്യൂട്ടീവ് മീറ്റിങ് വികാരി ജനറാൾ വെരി. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടി. വൈദികർ, സിസ്റ്റേഴ്സ്,

അല്മായർ ഉൾപ്പെടെ 27 അംഗങ്ങൾ പങ്കെടുത്തു. ഈ യോഗത്തിൽ വച്ച് കൺവെൻഷന്റെ ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച്പാസാക്കി. തുടർന്ന് കൺവെൻഷന്റെ ക്രമീകരണങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**2.** 43-ാമത് രൂപത ബൈബിൾ കൺവെൻഷന്റെ പോസ്റ്റർപ്രകാശനകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. വികാരി ജനറാൾ വെരി.റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ഇവാൻജലൈസേഷൻ ഡയറക്ടർ ജോസഫ് അരിമറ്റത്ത്, രൂപതാ പ്രൊക്കുറേറ്റർ വെരി. റവ. ഫാദർ ജോസഫ് മുത്തനാട്ട്, ചാൻസലർ വെരി. റവ.ഫാ. ജോസഫ് കുറ്റിയാങ്കൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ ആൽവിൽ പുതുപ്പറമ്പിൽ, ഫാ. കുര്യൻ മുക്കാൻകുഴിയിൽ, ഫാ. ജോസഫ് നരിതൂക്കിൽ, ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, ഫാ. മാണി കൊഴുപ്പൻകുറ്റി, കരിസ്മാറ്റിക്, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, ബൈബിൾ കൺവെൻഷൻ എക്സിക്യൂട്ടീവ് ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**3.** 43-ാമത് പാലാ രൂപത ബൈബിൾ കൺവെൻഷന്റെ ആലോചനായോഗം 29-10-2025 ൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. ഡയറക്ടർ ജോസഫ് അരിമറ്റത്ത് അധ്യക്ഷനായിരുന്നു. കൺവെൻഷന്റെ എക്സിക്യൂട്ടീവ് ഭാരവാഹികൾ പങ്കെടുത്തു.

**4.** രൂപത ബൈബിൾ കൺവെൻഷന്റെ പ്രാർത്ഥനക്കാർഡും മനോഹരമായ പോസ്റ്ററുകളുമായി നവംബർ 1 മുതൽ 25 വരെയുള്ള തീയതികളിലായി രൂപതയിലെ 171 ഇടവകദേവാലയങ്ങളും സന്യാസഭവനങ്ങളുംസ്ഥാപനങ്ങളുംസന്ദർശിച്ച് ബൈബിൾ കൺവെൻഷനു ക്ഷണിച്ചു. ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, ജോർജുകുട്ടി ഞാവള്ളി, സണ്ണി പള്ളിവാതുക്കൽ, പോൾസൺ പൊരിയത്ത് എന്നിവർ നേതൃത്വം നൽകി.

**5.** ഡിസംബർ ഒന്നാം തീയതി കൺവെൻഷൻ പന്തൽ കാൽനാട്ടുകർമ്മം നാലുമണിക്ക് അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ടുപിതാവ് നിർവഹിക്കും. തുടർന്ന് പതിനെട്ടാം തീയതി വരെ വിവിധ ഫൊറോന കരിസ്മാറ്റിക് ടീമുകളുടെ നേതൃത്വത്തിൽ ഗ്രൗണ്ടിനു ചുറ്റും ജെറീക്കോപ്രാർത്ഥന നടത്തുന്നതായിരിക്കും.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)
**ഫാ. ആൽബിൻ പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സഥാശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണി മുതൽ 2മണി വരെ കരുണക്കൊന്ത, ജപമാല, കുരിശിന്റെ വഴി, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. 2025 നവംബർ മാസത്തിൽ ബ്രദർ സെബാസ്റ്റ്യൻ താന്നിക്കൽ, ബ്രദർ ബേബി ജോൺ കലയന്താനി, ഫാ ജോർജ് പള്ളിക്കാമലയിൽ VC, ഫാ. ജിസോയി C.SsR മാനത്തൂർ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസമധ്യസ്ഥപ്രാർത്ഥന ദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന നവംബർ 7 ന് പാലാ സബ്സോണിൽ പാലാ സെന്റ് തോമസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഉപവാസമധ്യസ്ഥപ്രാർത്ഥന നടത്തി. ബ്രദർ സെബാസ്റ്റ്യൻ താന്നിക്കൽ ജൂബിലിസന്ദേശം നൽകി റവ. ഡോ. ജോസഫ് അരിമറ്റത്ത് (സോണൽ ആനിമേറ്റർ) തിരിതെളിച്ചു.

**3. KCSC ഫോർമേഷൻ പ്രോഗ്രാം**

നവംബർ 12 ന് കോട്ടയം ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽ വച്ച് പാലാ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി എന്നീ നാലു സോണുകൾ ഒന്നിച്ച് ഫോർമേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. നമ്മുടെ പാലാ സോണിൽനിന്ന് 70 അംഗങ്ങൾ പങ്കെടുത്തു. ഈ ശുശ്രൂഷകൾക്ക് KCSC നേതൃത്വം നൽകി.

**4. ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ (LSS)**

ആഴ്ചയിൽ ഒരിക്കൽ മൂന്നു മണിക്കൂർ സമയം വീതം 7 ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന എൽ.എസ്.എസ്. സെമിനാർ പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എല്ലാ ഞായറാഴ്ചകളിലും രണ്ടു മണി മുതൽ 5 മണി വരെയും നടന്നുകൊണ്ടിരിക്കുന്നു.

**5. രാത്രി ആരാധന**

നവംബർ 29 ശനി ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനദേവാലയത്തിൽ വച്ച് രാത്രി ആരാധന നടത്തപ്പെട്ടു. ഫാ. ജോർജ് കിഴക്കൻപുതുപ്പള്ളി VC ( വൈസ് റെക്ടർ, വിൻസെഷൻ മൈനർ സെമിനാ

രി, ചെത്തിമറ്റം) വചനശുശ്രൂഷയും ആരാധനയും നയിച്ചു ഫാ. ജോസഫ് അരിമറ്റത്ത്, ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**6. ദിവ്യകാരുണ്യ ആരാധന**

നവംബർ 8 ന് മൂന്നാനി സെന്റ് പീറ്റർ ദൈവാലയത്തിലും 11 ന് മരങ്ങാട്ടുപിള്ളി സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയത്തിലും 17 ന് മാവടി സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിലും 19 ന് കൂട്ടിക്കൽ സബ് സോണിൽ ഏന്തയാർ സെന്റ് മേരീസ് ദേവാലയത്തിലും 13 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു.ഈ ശുശ്രൂഷകൾക്ക് സോൺ, സബ്സോൺ സർവീസ് ടീം അംഗങ്ങൾ നേതൃത്വം നൽകി.

**7. കരിസ്മാറ്റിക് സംഗമം**

നവംബർ 15ന് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു.

**8. കെറിഗ്മ**

നവംബർ 16 ന് പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവാലയത്തിലെ മതബോധനകുട്ടികൾക്കായി കെറിഗ്മ (പ്രാരംഭസുവിശേഷപ്രഘോഷണം) നടത്തി. ദൈവാലയത്തിലും ക്ലാസ് റൂമിലും ആയി നടത്തപ്പെട്ട ഈ ശുശ്രൂഷയിൽ പാലാ സോൺ കെറിഗമ മിനിസ്ട്രി അംഗങ്ങളും YU4C അംഗങ്ങളും ഒന്നുചേർന്ന് (24 പേർ) ഈ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)
**ഫാ.ആൽബിൻ പുതുപ്പറമ്പിൽ** (അസിസ്റ്റന്റ് ഡയറക്ടർ)

## ജീസസ് ഫ്രട്ടേണിറ്റി

**പ്രാർത്ഥനാക്കൂട്ടായ്മ**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ നവംബർ 5-ന് അഡാർട്ടിൽ ഒത്തുകൂടി തടവറയിൽ കഴിയുന്നവർക്കുവേണ്ടിയും അവർക്കിടയിലെ ജീസസ് ഫ്രട്ടേണിറ്റി പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിച്ചു.

**ബോധവൽക്കരണക്ലാസ്**

നവംബർ 13,25 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിൽ സന്ദർശിക്കുകയും, ബോധവൽക്കരണക്ലാസ് നയിക്കുകയും ചെയ്തു.

**കൗൺസലിങ്**

നവംബർ 11,28 തീയതികളിൽ പാലാ മീനച്ചിൽ സബ് ജയിലിൽ തടവറയിലെ അന്തേവാസികൾക്കായി കൗൺസലിങ് നടത്തി.

**ജയിൽദിനാഘോഷം**

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ മുട്ടം ജില്ലാ ജയിലിൽ വച്ച് ജയിൽദിനാഘോഷപരിപാടികളെക്കുറിച്ച് ജയിൽ അധികൃതരുമായി ചർച്ചചെയ്യുകയും വേണ്ട ക്രമീകരണങ്ങൾക്കു തീരുമാനമെടുക്കുകയും ചെയ്തു.

**യൂണിറ്റ് സമ്മേളനം**

നവംബർ 27ന് ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റ് അംഗങ്ങൾ ഒത്തുചേർന്ന് തുടർപ്രവർത്തനങ്ങളും യൂണിറ്റ്തല മാസസമ്മേളനവും, പ്രാർത്ഥനായോഗങ്ങളും നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. Adorator Rengi Dei :**

മൗണ്ട് നെബോ ആബാഭവനത്തിൽ വന്ന് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം കൂടിയവർക്കു ദൈവരാജ്യാനുഭവത്തിൽ വളരുന്നതിനായി ക്രമീകരിച്ചിരിക്കുന്ന Adorator Rengi Dei എന്ന വേദിയുടെ ഈ മാസത്തിലെ സെഷനുകൾ നവംബർ 27 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ നടത്തി. ദിവസം മുഴുവനും നിശ്ശബ്ദമായ ദിവ്യകാരുണ്യ ആരാധന, ഓരോരുത്തർക്കും കുമ്പസാരിക്കാനും വ്യക്തിപരമായി ആത്മീയ ഉപദേശം തേടാനുമുള്ള അവസരം, പൊതുവായ വിശുദ്ധ കുർബാന അർപ്പണം, തിരുവചനവിചിന്തനം എന്നിവയാണ് ആത്മീയാന്വേഷകർക്കായി ഈ വേദിയിൽ ക്രമീകരിച്ചിട്ടുള്ളത്.

**2. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം:**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പു ശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്കു പൂർത്തിയാകുന്ന ധ്യാനം - നവംബർ 8 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**3. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം:**

നവംബർ 9 മുതൽ 15 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**4.** നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്നുള്ള നിഷ്കർഷയോടെ നമ്മുടെ കർത്താവ് പഠിപ്പിച്ച സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയെപ്പറ്റി, കത്തോലിക്കാത്തിരുസഭയുടെ മതബോധനഗ്രന്ഥത്തെ അടിസ്ഥാനമാക്കി, പ്രായോഗിക ആത്മീയപ്രസക്തിയോടെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്ന പുതിയ തിരുവചനവിചിന്തനപരമ്പര, ആഴ്ചയിൽ 3 ദിവസം വീതം, ജൂലൈ 21 ന് ആരംഭിച്ചത് മൗണ്ട് നെബോയുടെ യൂ ട്യൂബ് ചാനലിൽ തുടർന്നുകൊണ്ടിരിക്കുന്നു.

**5.** മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am - 3 pm :
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2025 ഡിസംബർ 26 വെള്ളി, 5 pm – ജനുവരി 1 വ്യാഴം, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ജനുവരി 25 ഞായർ, 5 pm - 31 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2026 ഫെബ്രുവരി 15 ഞായർ, 5 pm – 21 ശനി, 9 am :
പഞ്ചദിനദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിങ്ങിന്: mountnebovagamon.org

അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

11/11/2025 ചൊവ്വാഴ്ച എക്സിക്യൂട്ടീവ് മീറ്റിങ് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**തീരുമാനങ്ങൾ**

1. ഡിസംബർ 2 ന് മുമ്പായി ഇനിയും പൂർണമാകാത്ത ഡി.എഫ്.സി ഫൊറോനാ സമിതികൾ പുനഃസംഘടിപ്പിക്കുക

2. ഡിസംബർ 11 രൂപതാസമിതിയംഗങ്ങൾക്കായി ദീപിക തീവ്രയജ്ഞപരിപാടിയുടെ പരിശീലനവും മാധ്യമസെമിനാറും സംഘടിപ്പിക്കുക.

3.ഡിസംബർ 11 മുതൽ ദീപിക തീവ്രയജ്ഞപരിപാടി രൂപതാതലത്തിൽ സംഘടിപ്പിക്കുക.

4. സാമുദായികശക്തീകരണം. ദീപികദിനപത്രത്തിലൂടെ എല്ലാ ഭക്തസംഘടനകളെയും ഈ പരിപാടിയിൽ പങ്കാളികളാക്കുവാൻ തീവ്രശ്രമം നടത്തുക.

5. ഡി.എഫ്.സിയിൽ മീഡിയ ടീം രൂപീകരിക്കുക.

**2. ഫൊറോനാ കമ്മിറ്റികൾ**

കടപ്ലാമറ്റം, കൊഴുവനാൽ, ചേർപ്പുങ്കൽ എന്നീ ഫൊറോനകളിൽ ഫൊറോന കമ്മിറ്റികൾ രൂപീകരിച്ചു.

**ഭാരവാഹികൾ**

**കടപ്ലാമറ്റം**

1. ഫ്രാൻസിസ് ജോസഫ് വെടിക്കുന്നേൽ (പ്രസിഡന്റ്)
2. സെബാസ്റ്റ്യൻ തോമസ് മുതുകാട്ടിൽ (വൈസ് പ്രസിഡന്റ്)
3. മൈക്കിൾ ജോർജ് കുന്നയ്ക്കാട്ട് (സെക്രട്ടറി)
4. തോമസ് ജോസഫ് കൂരയ്ക്കനാട്ട് (ജോയിന്റ് സെക്രട്ടറി)
5. തോമസ് എം.കെ. മറ്റപ്പള്ളിൽ (ട്രഷറർ)

***എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ***

1. സോജൻ സിറിയക് തുരുത്തിയിൽ
2. ബിനോയ് ജോസഫ് കടപ്ലാമറ്റം
3. രാജേഷ് ആനിത്തോട്ടത്തിൽ
4. ബിൻസു ചെറിയാൻ ഇഞ്ചിപ്പറമ്പിൽ
5. ജോണി പറമ്പേട്ടുമ്യാലിൽ

***ഭാരവാഹികൾ കൊഴുവനാൽ***

1. എ.സി. ബേബിച്ചൻ അഴിയാത്ത് (പ്രസിഡന്റ്)

2 ജോസ് മറ്റം (വൈസ് പ്രസിഡന്റ്)

3. തോമാച്ചൻ പാലക്കുടി (സെക്രട്ടറി)
4. മാർട്ടിൻ തണ്ണിപ്പാറ (ജോയിന്റ് സെക്രട്ടറി)
5. വർഗീസ് തോണക്കര (ട്രഷറർ)

***എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ***

1. എ.സി. ജോസഫ് വയലിൽ
2. സണ്ണി പാലയ്ക്കൽ

3. അലോഷ്യസ് തോണക്കര
4. ജെയ്മോൻമോൻ പുത്തൻപുര
5. ജോബ് പുറ്റത്താങ്കൽ

***ഭാരവാഹികൾ ചേർപ്പുങ്കൽ***

1. ജോർജുകുട്ടി ജേക്കബ് കൊല്ലാറാത്ത് (പ്രസിഡന്റ്)
2. ദേവസ്യാച്ചൻ ജെയിംസ് താമരശ്ശേരിൽ (വൈസ് പ്രസിഡന്റ്)
3. സോജൻ വാരപറമ്പിൽ (സെക്രട്ടറി)
4. ജോസ് തേവർകുന്നേൽ (ജോയിന്റ് സെക്രട്ടറി)
5. ജോണി എം. ജെ. മഞ്ഞക്കുന്നേൽ (ട്രഷറർ)

***എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ***

1. ജോയ് കുന്നപ്പള്ളിൽ
2. മാത്യു കറുത്തകോട്ടയിൽ
3. ബേബിച്ചൻ കൊച്ചുപറമ്പിൽ
4. ബാബു ചെറുശ്ശേരിൽ
5. ജോയി മുത്തോലി

**3. സോഷ്യൽ മീഡിയ ഉദ്ഘാടനം**

11/10/2025 വെള്ളിയാഴ്ച എറണാകുളത്തുവച്ച് ദീപിക സോഷ്യൽ മീഡിയ ഉദ്ഘാടനം നടന്നു. ഡയറക്ടറച്ചനും ഭാരവാഹികളും പങ്കെടുത്തു

**4. മാധ്യമസെമിനാർ**

ഗുഡ്നസ് ടി.വി ചാനലിൽ വച്ചു നടത്തിയ ട്രെയിനിങ് പ്രോഗ്രാമിൽ ഡയറക്ടർ അച്ചൻ പങ്കെടുത്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**രാമപുരം യൂണിറ്റ്**

1.11.2025 ശനിയാഴ്ച 4. പി.എം ന് ഇൻഫാം രാമപുരം യൂണിറ്റ് രൂപീകരണയോഗം നടത്തി. പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അധ്യക്ഷക വഹിച്ചു. ഡോ.കെ.കെ. ജോസ് കരിപ്പാക്കുടിയിൽ സ്വാഗതം ആശംസിച്ചു. ഫാ. ബർക്കുമാൻസ് കുന്നുംപുറം യോഗം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ മികച്ച കർഷകരെ ആദരിച്ചു. ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ഫാ.അഖിൽ കുഴിമുള്ളിൽ, ബേബി പന്തപ്പള്ളിൽ, തോമസ് മറ്റം എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഭാരവാഹി തിരഞ്ഞെടുപ്പു നടത്തി.

**യൂണിറ്റ് രൂപീകരണം-പ്രാഥമിക നടപടികൾ**

30.10.2025 കടനാട് ഫൊറോനായിലെ വൈദികരുടെ മാസധ്യാനത്തിൽ പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ പങ്കെടുത്ത് ഇൻഫാം യൂണിറ്റ് രൂപീകരണം സംബന്ധിച്ച് സംസാരിച്ചു.

3.11.2025 ൽ കടപ്ലാമറ്റം ഫൊറോനായിലും വൈദികരുടെ മാസധ്യാനത്തിൽ ഫാ. ജോസ് തറപ്പേൽ പങ്കെടുത്ത് ഇൻഫാം യൂണിറ്റ് രൂപീകരണനടപടികൾക്ക് തുടക്കമിട്ടു.

9.11.2025 ൽ മേവിട പള്ളിയിൽ ഫാ. ജോസ് തറപ്പേൽ സന്ദർശം നടത്തുകയും യൂണിറ്റ് രൂപീകരണത്തിനുള്ള ഫാറങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

16.11.2025 ൽ കൊഴുവനാൽ ഫൊറോനായുടെ കീഴിൽ വരുന്ന എല്ലാ പള്ളികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു യോഗം സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ ഫാ. ജോസ് തറപ്പേൽ, ഡോ.കെ.കെ. ജോസ് കരിപ്പാക്കുടിയിൽ എന്നിവർ പങ്കെടുത്തു. എല്ലാ പള്ളികളിലും യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ ഫോറങ്ങൾ വിതരണം ചെയ്തു.

**സംസ്ഥാനകമ്മിറ്റിയോഗം**

28.11.02025 ൽ പാറത്തോട് എം.ഡി.എസ്. ൽ വച്ചുനടന്ന സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജില്ലാ സെക്രട്ടറി തോമസ് മറ്റം പങ്കെടുത്തു. ഇൻഫാം സംഘടനയുടെ രജതജൂബിലി ആഘോഷപരിപാടികൾ ഡിസംബർ, ജനുവരി മാസങ്ങളിൽ നടത്തുന്നതുസംബന്ധിച്ചുള്ള തീരുമാനങ്ങൾ പ്രസ്തുത കമ്മിറ്റിയിൽവെച്ച് എടുത്തു.

**ജോസ് തറപ്പേൽ** (ഡയറക്ടർ)




## NOVEMBER 2025

| | | |
|---|---|---|
| 1 | 9:15 am | ഉദയഗിരി ഇടവകയിൽ ഡീ. ജെയിംസ് കൈതക്കുളത്ത് പുത്തൻപുരയിലിന് പൗരോഹിത്യം നൽകി. |
| 4 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 5 | 9:00 am | ബൽത്തങ്ങാടി രൂപതയുടെ പുതിയ മെത്രാൻ മാർ ജെയിംസ് പട്ടേരിൽ CMF ന്റെ അഭിഷേകകർമ്മത്തിൽ പങ്കെടുത്തു. |
| 7 | 10:00 am | ബഹു. ജേക്കബ് വെള്ളരിങ്ങാട്ടച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 8 | 5:30 pm | കാളികാവ് പള്ളിയുടെ പുതിയ പാരിഷ് ഹാളിനുള്ള ശിലാസ്ഥാപനം നടത്തി. |
| 9 | 7:45 am | പെരിയപ്പുറം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 3:00 pm | ഇടമറുക് ഇടവകയിൽ ശ്രീമതി മറിയാമ്മ തോമസ് തറക്കുന്നേലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ കർമ്മങ്ങൾക്കു നേതൃത്വം നൽകി. |
| 11 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 12 | 11:00 am | നെല്ലാപ്പാറ ഇടവകയിൽ ശ്രീ രതീഷ് സെബാസ്റ്റ്യന്റെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. |
| 14 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 3:30 pm | രാമപുരത്ത് ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി പിതൃവേദി നിർമ്മിച്ചുനൽകിയ ഭവനത്തിന്റെ താക്കോൽദാനം നടത്തി. |
| | 4:00 pm | രാമപുരം ഇടവക കൂനമ്മാക്കൽ തോമ്മാ കത്തനാരുടെ ബഹുമാനാർത്ഥം വിളിച്ചുചേർത്ത അനുമോദനയോഗത്തിൽ സന്ദേശം നൽകി. |
| 15 | 10:00 am | മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന Animators Meet ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 2:30 pm | വാഗമൺ സെന്റ് സെബാസ്റ്റ്യൻസ് നഴ്സറി സ്കൂളിന്റെ റൂബി ജൂബിലിയാഘോഷങ്ങളിൽ സംബന്ധിച്ചു. |
| | 5:30 pm | മാർ അപ്രേം നസ്രാണി ദയറായിൽ കൂനമ്മാക്കൽ തോമ്മാ കത്തനാരെ അനുമോദിക്കുന്ന ചടങ്ങിൽ സംബന്ധിച്ചു. |
| 16 | 1:00 am | കൊഴുവനാൽ ഇടവകയിൽ നടന്ന മിഷൻലീഗ് രൂപതാവാർഷികം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| | 4:30 pm | കുറവിലങ്ങാട് ഇടവകയുടെ യുവജനപ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലിസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 17 | 7:00 am | SMS ജനറലേറ്റിൽ വച്ച് നടന്ന സ്നേഹഗിരി സന്യാസിനികളുടെ സുവർണ്ണ-രജത ജൂബിലി ആഘോഷത്തിൽ വിശുദ്ധകുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. |
| 18 | 2:30 pm | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 20 | 5:00 pm | അരുവിത്തുറ ഇടവകയിൽ മിഷൻലീഗ് പണിതു നൽകിയ ഭവനത്തിന്റെ ആശീർവാദകർമ്മം നടത്തി. |
| 21 | 9:00 am | പാലാ കത്തീഡ്രൽ പള്ളിയിൽ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ ചരമവാർഷിക തിരുക്കർമ്മങ്ങൾക്ക് സഹകാർമ്മികത്വം വഹിക്കുകയും തുടർന്നു നടന്ന പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിലുകളുടെ ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. |

| | | |
|---|---|---|
| | 2:30 pm | ബഹു. ജോസഫ് പാമ്പാറയച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പള്ളിയിലെ ചടങ്ങുകൾക്കു മുഖ്യ കാർമ്മികനായി. |
| | 6:00 pm | മാർത്തോമാ ശ്ലീഹായുടെ ഭാരതപ്രവേശനതിരുനാളിനോടനുബന്ധിച്ച് മുട്ടുചിറയിൽവച്ചു നടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ സന്ദേശം നൽകി. |
| 22 | 8:00 am | പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നടന്ന മലങ്കര കത്തോലിക്കാസഭയിലെ പുതിയ രണ്ട് എപ്പിസ്കോപ്പാമാരുടെ അഭിഷേക കർമ്മത്തിൽ പങ്കെടുത്തു. |
| 23 | 7:45 am | രത്നഗിരി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 5:00 pm | മഞ്ഞാമറ്റം ഇടവകയിൽ പുതുതായി പണിയാൻ ആരംഭിച്ച പള്ളിയുടെ കട്ടിള ആശീർവദിച്ചു സ്ഥാപിച്ചു. |
| 24 | 3:00 pm | ചേർപ്പുങ്കൽ മാർസ്ലീവാ നഴ്സിങ് കോളേജിന്റെ ഇരുപതാം വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 25 | 5:00 pm | ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി, ളാലം പുത്തൻപള്ളി ഇടവകയിൽ മിഷൻലീഗ് നിർമ്മിച്ചു നൽകിയ വീടിന്റെ ആശീർവാദം നടത്തി. |
| | 8:00 pm | സുവർണ്ണ-രജത ജൂബിലികൾ ആഘോഷിക്കുന്ന പാലാ രൂപതാ വൈദികരെ ബിഷപ്സ് ഹൗസിൽ സ്വീകരിച്ച് ആദരിച്ചു. |
| 26 | 3:00 pm | തകിടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ച് ഫാ. സെബാസ്റ്റ്യൻ അടപ്പാശ്ശേരിയുടെ സന്യാസ വ്രതവാഗ്ദാനകർമ്മത്തിൽ മുഖ്യകാർമികനായി. |
| 27 | 9:30 am | ഇളന്തോട്ടം ഇടവകയിൽ ഡീ. ജോൺ കുന്നുംപുറത്തിന് പൗരോഹിത്യം നൽകി. |
| | 4:00 pm | അരുവിത്തുറ പ്രൊവിൻഷ്യൽ ഹൗസിൽ FCC സന്യാസിനികളുടെ സുവർണ്ണ-രജതജൂബിലിയാഘോഷത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| | 5:00 pm | കുമ്മണ്ണൂരിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നവീകരിച്ച staff quaters ന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 29 | 9:30 am | പാദുവാ പള്ളിയിൽ ഡീ. സെബാസ്റ്റ്യൻ കടുപ്പിലിന് പൗരോഹിത്യം നൽകി. |
| 30 | 7:45 am | അരുണാപുരം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 5:30 pm | പൂഞ്ഞാർ പള്ളിയുടെ ഇടവകദിനാഘോഷങ്ങളിൽ സംബന്ധിച്ചു സന്ദേശം നൽകി. |




28.11.2025







കുമ്മണ്ണൂരിൽ ആരംഭിച്ചിരിക്കുന്ന മാർ സ്ലീവാ മെഡിസിറ്റിയുടെ
നവീകരിച്ച ഹോസ്റ്റലിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്.

## സ്നേഹസ്മരണയ്ക്ക്

# ഫാ. ജേക്കബ് വെള്ളരിങ്ങാട്ട്



പ്രിയ ബഹുമാനപ്പെട്ട ജേക്കബ് വെള്ളരിങ്ങാട്ട് അച്ചൻ (95) 2025 നവംബർ 4 ചൊവ്വാഴ്ച നിര്യാതനായി. 1930 ഫെബ്രുവരി 24 ന് മാനത്തൂർ ഇടവകയിലെ ചെറിയാൻ -ബ്രിജിറ്റ് ദമ്പതികളുടെ മകനായി ജനിച്ച അച്ചൻ രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ വിദ്യാഭ്യാസം നേടിയശേഷം പാലാ രൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിക്കുകയും ആലുവ സെമിനാരിയിൽ അതു പൂർത്തിയാക്കുകയും ചെയ്തു. 1962 ഏപ്രിൽ 14 ന് പാരിസിൽവച്ച് മോൺ. ബ്ലാൻഗേറ്റ് പിതാവിന്റെ കൈവയ്പിലൂടെ അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. ലുവെയ്ൻ, സ്റ്റ്രാഴ്സ്ബർഗ്, എന്നിവിടങ്ങളിൽ ഉപരിപഠനം നിർവഹിച്ച ജേക്കബ് അച്ചൻ തത്വശാസ്ത്രത്തിലും കാനൻ നിയമത്തിലും ബിരുദാനന്തരബിരുദവും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്. 1966 ൽ ജേക്കബ് അച്ചൻ ചെമ്മലമറ്റം ഇടവകയിൽ അസ്തേന്തിയായി നിയമിതനാവുകയും തുടർന്ന് മുത്തോലി, ഇടമറ്റം, ചേന്നാട്, കുരുവിനാൽ, നീലൂർ, ഉള്ളനാട്, ജയ്ഗിരി, വെള്ളികുളം, തിടനാട്, പാലക്കാട്ടുമല എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. 1982 ൽ ഇരിഞ്ഞാലക്കുടയിലെ ആളൂരിലുള്ള മിഷൻ ട്രെയിനിങ് കോളേജിന്റെ റെക്ടർ ആയി ജേക്കബ് അച്ചൻ നിയമിതനായി. പിന്നീട് വിശാഖപട്ടണത്തുള്ള സെന്റ് ജോൺസ് റീജിയണൽ സെമിനാരിയിലും സെന്റ്. ആൻസ് മൈനർ സെമിനാരിയിലും മാനന്തവാടിയിലെ മൗണ്ട് മേരി കോളേജിലും അധ്യാപനശുശ്രൂഷ നിർവ്വഹിച്ചു. കൂടാതെ വിവിധ സെമിനാരികളിൽ വിസിറ്റിങ് പ്രൊഫസറുമായിരുന്നു. 1994 ൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ നാമകരണനടപടികൾക്കായുള്ള വൈസ് പോസ്റ്റുലേറ്റർ ആയി നിയമിതനായ ജേക്കബ് അച്ചൻ രൂപതാക്കോടതിയിലെ അംഗവും ആയിരുന്നിട്ടുണ്ട്. 2005 ൽ ഔദ്യോഗികജീവിതത്തിൽനിന്നു വിരമിച്ചെങ്കിലും 2005 മുതൽ 2014 വരെയുള്ള കാലഘട്ടങ്ങളിൽ തക്കല രൂപതയിൽ അജപാലനശുശ്രൂഷ നിർവ്വഹിച്ചു. 2014 ൽ പാലായിൽ തിരിച്ചെത്തിയ അദ്ദേഹം മാർ അപ്രേം വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 04.11.2025 ൽ അച്ചന്റെ ആത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്കാരശുശ്രൂഷ 07.11.2025 വെള്ളിയാഴ്ച കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ കാർമ്മികത്വത്തിൽ ഭവനത്തിൽ ആരംഭിച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ ളാലം പുത്തൻപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## സ്നേഹസ്മരണയ്ക്ക്



### സി. ലൂസിയാൻ കടുകൻമാക്കൽ SH

**രാമപുരം (90)**

| | | |
|---|---|---|
| ഇടവക | : | രാമപുരം |
| ജനനം | : | 10.11.1935 |
| നിത്യവ്രതം | : | 12.05.1960 |
| മരണം | : | 05.11.2025 |
| മൃതസംസ്കാരം | : | രാമപുരം |

*സേവനമണ്ഡലങ്ങൾ:*

കുമ്മണ്ണൂർ, ഇടമറുക് അടിവാരം ,പറത്താനം അറുനൂറ്റിമംഗലം രാമപുരം

## സ്നേഹസ്മരണയ്ക്ക്



### സി.ഫൗസ്തീന വാഴേപ്പറമ്പിൽ SH

**നെടിയശാല (86)**

| | | |
|---|---|---|
| ഇടവക | : | നെടിയശാല |
| ജനനം | : | 24.12.1938 |
| നിത്യവ്രതം | : | 21.05.1963 |
| മരണം | : | 21.11.2025 |
| മൃതസംസ്കാരം | : | പാലാ കത്തീഡ്രൽ |

*സേവനമണ്ഡലങ്ങൾ:*

പാലാ, കുമ്മണ്ണൂർ, സാന്തോം, തുരുത്തിപ്പള്ളി കിഴൂർ, അറുനൂറ്റിമംഗലം,കുടക്കച്ചിറ, വിളക്കുമരുത്

സ്നേഹസ്മരണയ്ക്ക്

# ഫാ. ജോസഫ് പാമ്പാറ



നമ്മുടെ പ്രിയപ്പെട്ട ജോസഫ് പാമ്പാറ അച്ചൻ (90) 2025 നവംബർ 19 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മുട്ടം സിബിഗിരി ഇടവകയിലെ ചാക്കോ- ബ്രിജീത്ത ദമ്പതികളുടെ മകനായി 01.01.1935 ൽ ജനിച്ച അച്ചൻ പാലാ മൈനർ സെമിനാരിയിലും മാംഗളൂർ സെന്റ് ജോസഫ് മേജർ സെമിനാരിയിലും പരിശീലനം പൂർത്തിയാക്കി 03.12.1962 ൽ മാംഗളൂരിൽ വച്ച് ബോംബെ സഹായമെത്രാനായിരുന്ന മോൺ. ലൊങ്കീനൂസ് പെരേരയുടെ കൈവയ്പു വഴി പൗരോഹിത്യം സ്വീകരിച്ചു. 1963-1964 കാലഘട്ടങ്ങളിൽ കോതനല്ലൂർ പള്ളിയുടെ അസ്തേന്തിയായി അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സെന്റ് തോമസ് കോളേജിലും വടവാതൂർ സെമിനാരിയിലും ഇംഗ്ലീഷ് അധ്യാപകനായി ശുശ്രൂഷ ചെയ്ത ശേഷം ബഹു. പാമ്പാറ അച്ചൻ കാലിഫോർണിയായിലെ ലയോള മേരി മൗണ്ട് സർവ്വകലാശാലയിൽ ഉപരിപഠനത്തിനായി പോയി. ഇംഗ്ലീഷ് ഭാഷയിലും കൗൺസലിങ് സൈക്കോളജിയിലും ബിരുദാനന്തര ബിരുദം അച്ചൻ സമ്പാദിച്ചിട്ടുണ്ട്. 1970 ൽ ഇളന്തോട്ടം പള്ളിയിൽ വികാരിയായി നിയമിതനായ ജോസഫച്ചൻ ഉാലം പുത്തൻപള്ളി, കടനാട്, കരൂർ, കയ്യൂർ, കടപ്ലാമറ്റം, കൊഴുവനാൽ, പാലാ കത്തീഡ്രൽ, അരുവിത്തുറ എന്നീ ഇടവകകളിലും വികാരിയായി സേവനം ചെയ്തിട്ടുണ്ട്. പാലാ രൂപതയുടെ പാസ്റ്ററൽ കോർഡിനേറ്റർ ആയും ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ അധ്യാപകനായും ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ആധ്യാത്മിക പിതാവായും കല്ലോർകുളം മഠത്തിൽ ചാപ്ലയിൻ ആയും ശുശ്രൂഷ നിർവഹിച്ചു. 2023 മുതൽ സ്വഭവനത്തിലും വൈദികമന്ദിരത്തിലുമായി വിശ്രമജീവിതം നയിച്ചുവരവേ 19.11.2025 ൽ ജോസഫ് അച്ചൻ ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. 2025 നവംബർ 21 വെള്ളിയാഴ്ച്ച അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ മുട്ടം സിബിഗിരി പള്ളിയിയുടെ സെമിത്തേരിയിൽ ജോസഫ് അച്ചൻ സംസ്കരിക്കപ്പെട്ടു.

സ്നേഹസ്മരണയ്ക്ക്



## സി. ക്ലീറ്റസ് മേരി ചാത്തംകോട്ട് FCC

**അരിക്കുഴ (89)**

| | | |
|---|---|---|
| ഇടവക | : | അരിക്കുഴ |
| ജനനം | : | 27.05.1936 |
| നിത്യവ്രതം | : | 24.05.1962 |
| മരണം | : | 18.11.2025 |
| മൃതസംസ്കാരം | : | മണിയംകുന്ന് |

*സേവനമണ്ഡലങ്ങൾ:*

മണിയംകുന്ന്, കല്ലോടി, വേനപ്പാറ
മണിയംകുന്ന്, ഏന്തയാർ
പച്ചിക്കൽ, വേലത്തുശ്ശേരി, കിഴപറയാർ, കുറിഞ്ഞി

സ്നേഹസ്മരണയ്ക്ക്



## റവ. സി. മരിയറ്റ് തയ്യിൽ FCC

**ചെമ്മലമറ്റം (90)**

| | | |
|---|---|---|
| ഇടവക | : | ചെമ്മലമറ്റം |
| ജനനം | : | 06.03.1935 |
| നിത്യവ്രതം | : | 29.05.1958 |
| മരണം | : | 19.11.2025 |
| മൃതസംസ്കാരം | : | ഭരണങ്ങാനം |

*സേവനമണ്ഡലങ്ങൾ:*

ടീച്ചർ, SHGHS ഭരണങ്ങാനം : 1960 - 1991
FC Convent ഭരണങ്ങാനം : 1991 - 2025

14.11.2025

ഹോം പാലാ

പിതൃവേദി -രാമപുരം



CML ശാഖ - അരുവിത്തുറ

20.11.2025



23.11.2025

രത്നഗിരി ഇടവക



CML ശാഖ - ളാലം പുത്തൻപള്ളി

25.11.2025



15.11.2025








മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ
വച്ചു നടന്ന ആനിമേറ്റർമാരുടെ സംഗമം ഉദ്ഘാടനം ചെയ്ത്
സന്ദേശം നൽകുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

16.11.2025







കൊഴുവനാൽ ഫൊറോനാ പള്ളിയുടെ പാരിഷ് ഹാളിൽ വച്ചു നടന്ന
മിഷൻ ലീഗ് രൂപതാ വാർഷികം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

2025
DECEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



“ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും.” (യോഹ 15 : 26)



സാമുദായിക ശക്തീകരണവർഷം

# പാലാ രൂപത 43-ാമത്

# ബൈബിൾ കൺവൻഷൻ

# കൃപാഭിഷേകം



Maria Rosa Mystica
*Pray For Us*



Mar Joseph Kallarangatt
Bishop of Palai



Mar Joseph Pallikaparampil
Bishop Emeritus

നയിക്കുന്നത്
റവ. ഫാ. ഡൊമിനിക് വാളന്മനാൽ
ഡയറക്ടർ
മരിയൻ ധ്യാനകേന്ദ്രം
അണക്കര



## 2025 ഡിസംബർ

| 19 | 20 | 21 | 22 | 23 |
|---|---|---|---|---|
| വെള്ളി | ശനി | ഞായർ | തിങ്കൾ | ചൊവ്വ |

പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ
വൈകുന്നേരം 3.30 മുതൽ 9.00 വരെ

- വിശുദ്ധ കുർബാന
- ദിവ്യകാരുണ്യ ആരാധന
- ദൈവവചനശുശ്രൂഷ
- വിടുതൽ ശുശ്രൂഷ
- സൗഖ്യശുശ്രൂഷ

Very Rev. Fr. Sebastian Vethanath
Vicar General, in charge of Bible Convention

Rev. Fr. Joseph Arimattath
Director, Evangelization

Rev. Fr. Albin Puthuparampil
Asst. Director, Evangelization

Contacts:
98477 75738, 85902 05617

Design: Joseph Francis Pala

*Printed at St.Thomas Press, Palai and Published by Fr. Augustine Kandathilkudilil*